# കൊരിന്ത്യർ, തിരുത്തലിന്റെ പുസ്തകം

## CORINTHIANS, BOOK OF CORRECTION

ഏപ്രിൽ 14, 1957
ബ്രൺഹാം കൂടാരം ജഫേർസൺവിൽ,
ഇൻഡ്യാനാ, യു.എസ്.എ

പ്രഭാത വന്ദനം സുഹൃത്തുക്കളെ! ഈ ഉണർവ്വു യോഗങ്ങളാൽ ഇന്നു രാവിലെ, എനിക്ക് അല്പം തൊണ്ടയടപ്പുണ്ട് എന്നു ഞാൻ സഹോദരൻ നേവിലിനോട് പറയുകയായിരുന്നു. എനിക്ക് നല്ല തൊണ്ടയടപ്പായതിനാൽ ഇന്നു രാവിലെ സമയം ഞാൻ പ്രസംഗിക്കാൻ ഇഷ്ടപ്പെട്ടില്ല. എന്നാൽ നാം ഇവിടെ ഒരു ചെറിയ കൂട്ടം ആയിരിക്കുന്നു. ഞാൻ ഒരു അല്പം ഞായറാഴ്ച വേദപാഠശാല പാഠം എടുത്തശേഷം, അദ്ദേഹം എന്തെങ്കിലും അല്പം പ്രസംഗിക്കട്ടെ. അതുകൊണ്ട് നാം ചെയ്യാൻ. . . ഞാൻ ഇവിടെ സത്യവേദ പുസ്തകത്തിൽ നിന്ന് എന്തിനെക്കുറിച്ചെങ്കിലും പതിനഞ്ചോ, ഇരുപതോ നിമിഷത്തേക്കുള്ള ഒരു വേദ ഭാഗമെടുത്ത് നമുക്ക് സംസാരിക്കാം. അതിൽ നിന്ന് ദൈവം എന്തെങ്കിലും നമുക്ക് നൽകും. ഇപ്പോൾ, അവൻ നമുക്ക് വളരെ നല്ലവനാകുന്നു, വളരെ നല്ലവൻ.

2 നാം വളരെ ക്ഷീണിച്ചിരിക്കുന്നു. ഞാൻ കഴിഞ്ഞ രാത്രിയിൽ അല്പം താമസിച്ചുപോയി. ഞാൻ ഇവിടെ വന്നതിനുശേഷം അനേക വിളികൾ വരുന്നു. ഞാൻ നോക്കിയപ്പോൾ, എന്റെ കുഞ്ഞു കുട്ടിയുടെ കൈ നിറയെ ഗ്ലാസിന്റെ ചെറിയ കഷ്ണങ്ങളുണ്ടായിരുന്നിട്ട്, അവൻ അതിനെ ചവക്കുകയും, അതിനുശേഷം അതിനെ കഴിക്കുകയുമായിരുന്നു. അതുകൊണ്ട് ഞങ്ങൾ അവനെ പിടിച്ചിട്ട്, അവന്റെ വായ് കഴുകിക്കളയുകയായിരുന്നു. രാത്രിയിലെ അധികസമയവും ഞങ്ങൾ അവനോടൊപ്പം ആയിരുന്നിട്ട്, ഞാൻ ഇന്നു രാവിലെ സമയം ക്ഷീണിതനായി കാണപ്പെടുന്നു.

3 ഞാൻ പെട്ടെന്ന് എഴുന്നേറ്റിട്ട്, പന്ത്രണ്ട് മണിക്കു തന്നെ കെൻഡുക്കിയിലേക്ക് പോയി, അവിടെ കെൻഡുക്കിയിൽ എനിക്ക് അവിടെ ചില നിയമനങ്ങളുണ്ടായിരുന്നു. ഈ വരുന്ന ആഴ്ചയിൽ നമ്മുടെ മീറ്റിംഗുകളും വരുന്നു.

4 എനിക്ക് സാധിക്കുമെങ്കിൽ, കുറച്ചു രാത്രികളിൽ ഞാൻ സംസാരിക്കാനായി ശ്രമിക്കും. എനിക്ക് ജലദോഷം ബാധിച്ചിട്ടില്ല. എന്റെ ശബ്ദം പോകുന്നതുവരെ ഞാൻ പ്രസംഗിച്ചിരുന്നു. ഇതു തുടർച്ചയായിട്ട് നാല് മാസങ്ങളായിരിക്കുന്നതായി നിങ്ങൾ കാണുക. അതിനു ശേഷം ഞാൻ കാനഡായി

ലേക്ക് പോകുന്നതും, അതിനു ശേഷം നമ്മുടെ സാധാരണ മീറ്റിംഗുകളും പുറം രാജ്യങ്ങളിലുള്ളതുമാകുന്നു.

5 ഇപ്പോൾ, ഞാൻ അല്പ നിമിഷങ്ങൾക്കു മുമ്പ് അവിടെ ഇരുന്നു കൊണ്ട് സഹോദരൻ ലിയോയോടും, ജിനിയോടും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, നാം ഇന്നു പ്രഭാതത്തിൽ ഉപയോഗിക്കുന്ന വചനത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. എങ്കിൽ . . . ഇപ്പോൾ, ആദ്യമായി, ഞാൻ അവിടെ ഒരു നിമിഷം ഇരിക്കാൻ പോകുന്നു, ഞാൻ വളരെ ക്ഷീണിതനായിരിക്കുന്നു. എന്നിട്ട് ഞാൻ ചിന്തിച്ചു, "കൂട്ടായ്മ ഇവിടെയായിരിക്കുമ്പോൾ, ഞാൻ അവിടെ പുറകിലെ മുറിയിൽ ഇരിക്കുന്നത് ശരിയല്ല. എന്തുകൊണ്ടെന്നാൽ, ദൈവം അവിടെ പുറകിൽ വരികയില്ല. അവൻ എവിടെയായിരിക്കുന്നുവോ ഞാൻ അവിടെയായിരിക്കാൻ ആശിക്കുന്നു."

6 അതാണ്, ഈ രാവിലെ നേരം ഞാൻ ഇവിടെ കൊണ്ടുവരപ്പെട്ടതിന്റെ കാരണം, സഹോദരൻ ലിറ്റിൽഫീൽഡ് ഇവിടെയാകുന്നതായി ഞാൻ കാണുന്നു, അതെ. മീറ്റിംഗിനുശേഷം അല്പ സമയത്തേക്കായി അദ്ദേഹം എന്നെ കാണാനാശിക്കുന്നു. സഹോദരൻ ലിറ്റിൽഫിൽഡ്, ടെന്നേസ്സയിൽ നിന്നുമാകുന്നു, അവിടെ ഒരു ഹൈസ്കൂൾ ജിമ്മിൽ കഴിഞ്ഞദിവസങ്ങളിൽ വളരെ, വളരെ വലിയ ഒരു യോഗമുണ്ടായിരുന്നു. എനിക്ക് ആ നഗരത്തിന്റെ പേര് പറയാൻ കഴിയുന്നില്ല. നിങ്ങൾ, എവിടെയാണ്, സഹോദരൻ ലിറ്റിൽഫീൽഡ്? (സഹോദരൻ ലിറ്റിൽഫീൽഡ് പറയുന്നു, "ക്ലേവ്ലാൻഡ്") ക്ലേവ്ലാൻഡ്. ("ടെന്നസ്സീ.") ക്ലേവ്ലാൻഡ്, ടെന്നസ്സി.

7 ഞങ്ങൾക്ക് അവിടെ ഒരു അതിശയകരമായ സമയമായിരുന്നു. എന്നിട്ട് അദ്ദേഹം ഇവിടെ. . . ഇതുവഴി എന്നോട് "ഹലോ" പറയാനായി കടന്നുവന്നപ്പോൾ, ഇന്നു രാവിലെ സമയം അദ്ദേഹത്തോട് ഞാൻ ഇവിടേക്ക് വരാൻ പറഞ്ഞു. ഇന്നു രാവിലെ സമയം ഞങ്ങൾ മറ്റൊരിടത്തു പോകാനായി പോയിരുന്നു, അതിനു ശേഷം ഞാൻ എന്റെ ചില കൂട്ടുകാരെ കാണാൻ ആശിച്ചിരുന്നു. പ്രസംഗിക്കാനല്ല, കാണാനായിട്ട്, ഞാൻ അവരോട് വാഗ്ദാനം ചെയ്തിരുന്നു. അതിനുശേഷം സഹോദരൻ ലിറ്റിൽഫിൽഡും, എന്നിട്ട് ഡോക്റ്റർ ബിലാൻഡ് ഇവിടെയായിരിക്കുന്നു. അതുകൊണ്ട് ഞാൻ അവരെ കാണാനായ കാരണത്താൽ ഇന്നു രാവിലെ സമയം ഇവിടെ വന്നിരിക്കുന്നു, അതുകൊണ്ട് ഞാൻ ഇവിടേക്ക് കൊണ്ടുവരപ്പെട്ടിരിക്കുന്നു.

8 ഇപ്പോൾ, കൊരിന്ത്യരുടെ പുസ്തകത്തിന്റെ പത്താം അദ്ധ്യായത്തിൽ നിന്നും ആദ്യത്തെ നാല്, അഞ്ച് വചനങ്ങളെ നോക്കാം. നമ്മുടെ സഹോദരന് പ്രസംഗിക്കാൻ സമയം കിട്ടേണ്ടതിന്, അതിനെക്കുറിച്ച് നമുക്ക് അല്പ സമയം ധ്യാനിക്കാം.

ആദ്യമായി, അവന്റെ സന്നിധിയിൽ, നമുക്ക് നമ്മുടെ തലകളെ വണക്കാം.

9 അനുഗ്രഹീതനായ സ്വർഗ്ഗീയ പിതാവേ, ഈ ദിവസം ഞങ്ങൾ അങ്ങയുടെ മുന്നിൽ, ഞങ്ങളുടെ ജീവിതത്തിൽ ചെയ്ത നന്മകൾക്കായി നന്ദിയേറിയ ഹൃദയങ്ങളെ താഴ്ത്തുന്നു. ജീവിതം തന്നെ ഒരു മഹത്തായ കഠിനപോരാട്ടമാണെന്ന് തിരിച്ചറിയുന്നു. അത് ഞങ്ങൾക്ക് ഒരു രീതിയില ല്ലെങ്കിൽ, ഞങ്ങൾക്ക് മറ്റൊന്നിലായിരിക്കും, എന്നാൽ ഒരു മഹത്വമേറിയ ദിവസം അതു കഴിഞ്ഞിരിക്കും. ഞങ്ങൾ സ്നേഹിച്ച നാൾ മുതൽ ഞങ്ങൾ കാണാനാശിക്കുന്ന, അവനുമായി ബന്ധമായിരിക്കുന്ന, യേശുവിനെ ഞങ്ങൾ കാണും, അവനുമായി ബന്ധപ്പെടുകയും, പിന്നെ ബന്ധം വയ്ക്കു കയും ചെയ്യും. ഒരു ദിവസം ഞങ്ങൾ അവനെ കാണുമെന്നുള്ളതിനാൽ ഞങ്ങൾ വളരെ സന്തോഷവാന്മാരാകുന്നു.

10 ഇപ്പോൾ, ഇന്നു, അന്ന് അബ്രഹാമിന്റെ സുരക്ഷക്കായി ആ പഴയ ഓക്കുമരം ഉണ്ടായിരുന്നപ്പോൾ ദൈവവും രണ്ടു ദൂതന്മാരും കടന്നു വന്നു സംസാരിക്കേണ്ടതിനായി അവിടെ ആയിരുന്നതുപോലെ, ഞങ്ങൾ വരുന്നു. കർത്താ വേ ഞങ്ങൾ കൂട്ടായ്മ ചെയ്തുകൊണ്ട് ഈ രാവിലെ സമയം കൂടിവ രുമ്പോൾ അങ്ങ് വന്ന് ഞങ്ങളുടെ ഹൃദയത്തോട് അങ്ങയുടെ വചനത്താൽ സംസാരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

11 ഞങ്ങളുടെ സ്നേഹവാനായ പാസ്റ്ററെ അനുഗ്രഹിക്കേണമെ. കർത്താ വേ, അങ്ങ് അദ്ദേഹത്തിന് ശക്തിയും ധൈര്യവും നൽകേണമെ എന്നു പ്രാർത്ഥിക്കുന്നു. കർത്താവേ, ഈ ചെറിയ സഭയേയും, ഇതിൽ ബന്ധപ്പെട്ടി രിക്കുന്ന ഡീക്കന്മാരേയും, മറ്റു എല്ലാവരേയും, ഇവിടെ കടന്നുവന്നവരേയും, ഇവിടെ മാത്രമല്ല, മറ്റു സ്ഥലങ്ങളിലുള്ള ഇതിനെ ചുറ്റിപ്പറ്റിയിരിക്കുന്ന സഭകളേയും, അങ്ങ് അനുഗ്രഹിക്കേണമെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

12 ഇന്നു രാവിലെ സമയം ഞങ്ങളോടൊപ്പം ആയിരിക്കുന്ന സന്ദർശക രായ സഹോദരന്മാരേയും അനുഗ്രഹിക്കേണമെ. അങ്ങ് അവരോടൊപ്പം ഇരിക്കണമെന്നും കാത്തുപാലിക്കണം എന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കേണമെ, അങ്ങയുടെ വചനത്താൽ ഞങ്ങ ളോട് സംസാരിക്കേണമെ. ഞങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കു ന്നു. ആമേൻ.

13 എനിക്ക് തെറ്റുപറ്റിയില്ലെങ്കിൽ, സഹോദരൻ കോട്സ് ഇന്നു രാവിലെ സമയം ഇവിടെ ആയിരിക്കുന്നു. കഴിഞ്ഞ രാത്രിയിൽ അദ്ദേഹത്തിനുവേണ്ടി വെറ്ററൻ ആശുപത്രിയിൽ; കാൻസറിനായി പ്രാർത്ഥിച്ചിരുന്നു. സഹോദ രനും സഹോദരി കോട്സിനേയും ഇന്നു രാവിലെ സമയം ഇവിടെ കാണുന്ന തിനാൽ ഞങ്ങൾ വളരെ ആഹ്ലാദിക്കുന്നു.

14 ഇപ്പോൾ, കൊരിന്ത്യരുടെ പുസ്തകത്തിൽ 10–മത്തെ അദ്ധ്യായത്തിൽ നിന്ന്, ഈ കൊരിന്ത്യരുടെ പുസ്തകം തിരുത്തലിന്റെ പുസ്തകമാകുന്നു. നാം കൊരിന്ത്യരുടെ പുസ്തകം എടുത്തിരിക്കണം. അത്, എല്ലാ പുതിയ

നിയമ പുസ്തകങ്ങളിലും വെച്ച് കാഴ്ചക്ക് പുതിയ നിയമത്തിൽ സഭയിലെ, നായകന്മാർക്ക് അത്തരത്തിലെ പ്രശ്നങ്ങളുള്ളതായി കാണപ്പെടുന്നു. എന്നാൽ കൊരിന്ത്യർ എപ്പോഴും പ്രശ്നമായിരുന്നു. പൗലോസ് അവരുടെ ഇടയിൽ വന്നപ്പോൾ, ഒരുവന് അന്യഭാഷയുണ്ട്, ഒരുവന് സങ്കീർത്തനമുണ്ട്, ഒരുവന് തോന്നലുകളുടെ അനുഭവങ്ങളുണ്ട്. അവരെ ഈ കൊരിന്ത്യരെ ശരിയായി വെക്കേണ്ടതിന് അവന് എപ്പോഴും പ്രശ്നങ്ങളുണ്ടായിരുന്നു.

15 നാം ഇവിടെ ശ്രദ്ധിക്കുകയാണെങ്കിൽ, അദ്ദേഹം കൊരിന്ത്യരെ ആഴമേറിയ കാര്യങ്ങൾ പഠിപ്പിച്ചിരുന്നില്ല. അവർ ഒരു കൊച്ചു കുട്ടികളുടെ രീതിയിലായിരുന്നു. അവൻ റോമക്കാരോടും, എഫേസിക്കാരോടും ചെയ്തിരുന്ന ആഴമുള്ള സന്ദേശങ്ങൾ, അവർക്ക് അത് സ്വീകരിക്കാൻ കഴിയാത്ത കാരണത്താൽ, അവർക്ക്–അവർക്ക്. . .അവൻ കൊടുത്തിരുന്നില്ല. അവർ എപ്പോഴും, ചെറിയ തോന്നലുകളുടെ അനുഭവങ്ങളിലും അത്തരത്തിലും മറ്റുമായിരുന്നു. ഇങ്ങനെ, "അതെ, കർത്താവിന് സ്തോത്രം, എനിക്ക് അത് കിട്ടി! എനിക്ക്–എനിക്ക് ഒരു വെളിപ്പാട് വന്നു. എനിക്ക് ഒരു സങ്കീർത്തനം കിട്ടി. എനിക്ക് ഒരു പ്രവചനം ലഭിച്ചു."

16 പൗലൊസ് പറഞ്ഞു, "ഈ എല്ലാ കാര്യങ്ങളും നശിച്ചുപോകും." നോക്കൂ, അവ സകലതും, അവയെ അത്ര അധികം ആശ്രയിക്കാൻ കഴിയില്ല. എന്നാൽ എന്താണ് നാം സഭയിൽ ആശ്രയിക്കുന്നത്, എന്താണ് ആ നങ്കൂരം, നാം തോന്നലുകളിൽ ആശ്രയിക്കാതെ, ക്രിസ്തുവിൽ നങ്കൂരമിടുന്നതാണ് നല്ലത്. നാം വെളിപ്പാടുകളിൽ ആശ്രയിക്കുന്നില്ല. നാം ഈ കാര്യങ്ങളെ ആശ്രയിക്കുന്നില്ല. നാം ക്രിസ്തുവിൽ മാത്രം ആശ്രയിക്കുന്നു. വിശ്വാസത്താൽ മാത്രം നാം ഇവിടെ ആയിരിക്കുന്നു.

17 നാം ശ്രദ്ധിക്കുകയാണെങ്കിൽ, അവിടെ പൗലോസ് എഫേസിയരെ ഭൂമിക്ക് അടിസ്ഥാനമിടുന്നതിനു മുമ്പായിത്തന്നെ ദൈവം തന്റെ പുത്രന്മാരായി മുൻകുറിച്ചിരിക്കുന്നുവെന്നും അവരെ ദത്തെടുത്തിരിക്കുന്നു എന്നു പഠിപ്പിക്കുന്നു. ഇവിടെ അവൻ . . . ഇപ്പോൾ ഈ കൊരിന്ത്യർക്ക് അതിനെക്കുറിച്ച് യാതൊന്നും അറിയില്ല. അവർക്ക് ഒരൽപ്പം തോന്നലുകളും, *അതും, ഇതും,* ആയിട്ടായിരുന്നു, അവർ അതിൽ ആശ്രയിച്ചിരുന്നു. അവൻ അവരെ ആഴത്തിലെ കാര്യങ്ങളെ പഠിപ്പിച്ചിരുന്നില്ല.

18 അതുകൊണ്ട്, ഞാൻ ചിന്തിക്കുന്നത്, ഇത് ഒരു മേന്മയേറിയ. . . നിങ്ങൾക്ക് ആഴത്തിലുള്ള കാര്യങ്ങളെ പഠിപ്പിക്കാനായി ജനങ്ങളെ കിട്ടിക്കഴിയുമ്പോൾ, അവരുടെ ഹൃദയത്തിൽ അത് ആഴമായി പതിഞ്ഞിട്ട്,. അവർ എവിടെയാണ് നിൽക്കുന്നത് എന്നുള്ളതിന് തിരിച്ചറിയാൻ കഴിയുന്നു. തോന്നലിലോ അല്ലെങ്കിൽ തോന്നലില്ലാതേയോ, പ്രവചനമോ അല്ലെങ്കിൽ ഒരു പ്രവചനമില്ലാതേയോ, അത് എന്തുതന്നെയായിക്കോട്ടെ, എന്തുതന്നെയായാലും. അങ്ങനെയെങ്കിൽ, ഇപ്പോൾ ഓർമ്മിക്കുക, പ്രവചനത്തിലൂടേയും അത്തരത്തിലുള്ള കാര്യങ്ങളിലൂടേയും ദൈവം ഇടപെടുകയില്ല എന്നു ഞാൻ

പറയുന്നില്ല, എന്നാൽ നാം അതിൽ ആശ്രയിക്കാൻ പോകുന്നില്ല. നിങ്ങൾ കാണുന്നതിനെക്കാൾ ആഴമായ ഒരു കാര്യത്തിൽ നാം പിടിക്കാൻ പോകയാണ്. എന്തെന്നാൽ അവൻ പറഞ്ഞു, "എവിടെ പ്രവചനമുണ്ടോ, അത് നീങ്ങിപ്പോകും, എവിടെ അന്യഭാഷയുണ്ടോ, അത് നിന്നുപോകും, പിന്നെ അവിടെ എവിടെ. . . . ."

19 ഈ കൊരിന്ത്യർക്കുണ്ടായിരുന്ന അത്തരത്തിലെ ഒരു തോന്നലുകളും അവർ രക്ഷിക്കപ്പെട്ടു എന്നതിനുള്ള തെളിവുകളല്ലായിരുന്നു. അവയിൽ ഒന്നുപോലും അവർ രക്ഷിക്കപ്പെട്ടു എന്നതിനുള്ള തെളിവുകളല്ലായിരുന്നു. അല്ല. . . . നിങ്ങൾക്ക് ആർപ്പിടാൻ കഴിഞ്ഞെന്നിരിക്കിലും, നിങ്ങൾക്ക് പ്രവചിക്കാൻ കഴിഞ്ഞെന്നിരിക്കിലും, നിങ്ങൾക്ക് സൗഖ്യമാക്കാൻ കഴിഞ്ഞെന്നിരിക്കിലും, നിങ്ങൾക്ക് അന്യഭാഷകളിൽ സംസാരിക്കാൻ കഴിഞ്ഞെന്നിരിക്കിലും, നിങ്ങൾക്ക് ഭാഷാ വ്യാഖ്യനം ചെയ്യാൻ കഴിഞ്ഞെന്നിരിക്കിലും, നിങ്ങൾക്ക് പരിജ്ഞാനമുണ്ടെന്നിരിക്കിലും, ഇവയിൽ ഒന്നുപോലും നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു അർത്ഥമാക്കുന്നില്ല; അവയിൽ ഒന്നുപോലും. പൗലൊസ് പറഞ്ഞു, നിങ്ങൾക്ക് ഈ എല്ലാ കാര്യങ്ങളും ഉണ്ടെന്നിരിക്കിലും, "ഞാൻ ഒന്നുമല്ല" എന്നു 1 കൊരി. 13–ൽ പറഞ്ഞിരിക്കുന്നു. കാണുന്നുണ്ടോ?

20 എന്നാൽ, നിങ്ങൾക്ക് സ്നേഹത്തെ ഒരു നങ്കൂരമാക്കുമ്പോൾ! ഇന്നു രാവിലെ എന്റെ ഭാര്യ ഉറക്കമുണരുന്നതിന് ഏകദേശം ഒരു മണിക്കൂർ മുമ്പ് ഞാൻ ഉണർന്നു. ദൈവം തന്റെ സഭയെ എങ്ങനെയാണ് സ്നേഹത്തിന്റെ ബന്ധനത്താൽ ഏകോപിപ്പിച്ചിരിക്കുന്നത് എന്നും, അത് തീർത്തും എങ്ങനെ ആയിരിക്കണമെന്നും എനിക്ക് വെളിപ്പെടുത്തുകയായിരുന്നു. വീണ്ടും രക്ഷിക്കപ്പെടാതെ ഒരു മനുഷ്യന് രക്ഷ പ്രാപിക്കാൻ ഒരിക്കലും മറ്റൊരു മാർഗവുമില്ല. ദൈവം അനുവദിക്കുകയാണെങ്കിൽ, ഞാൻ ഈ ആഴ്ചയിൽ അതിൽ നിന്ന് പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയത്തിൽ ഞാൻ അതിനെ വളരെ പ്രാധാന്യത്തോടെ എടുക്കുന്നു. ദൈവം അനുവദിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് ഒരു സന്ദേശം നൽകാൻ കഴിയും.

21 ഇപ്പോൾ, ഈ രാവിലെ സമയത്തെ ഈ സന്ദേശം, എന്റെ ഹൃദയത്തിൽ വന്നത്, ഒരു സന്ദേശം, ഒരു മുന്നറിയിപ്പാകുന്നു. പൗലോസ് കൊരിന്ത്യർക്ക് മുന്നറിയിച്ചതുപോലെ, ഈ ജനങ്ങൾക്ക് നമുക്ക് ഇത് മുന്നറിയിക്കാൻ കഴിഞ്ഞാൽ എന്നു ഞാൻ ചിന്തിച്ചു. ഇപ്പോൾ നാം ഒരു ഉണർവ്വിനെ നേരിടാൻ പോകയാണെന്നും, ഇതു പരിശോധിക്കേണ്ട സമയമാണെന്നും, നാം തീർത്തും പരിശോധിക്കപ്പെട്ടിരിക്കണമെന്നും, ജനങ്ങളെ മുന്നറിയിക്കാൻ കഴിഞ്ഞാൽ. ഇപ്പോൾ, പൗലൊസ് പറഞ്ഞു.

*സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൻകീഴിൽ ആയിരുന്നു; എല്ലാവരും സമുദ്രത്തിലൂടെ കടന്നു;*

*എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു;*

22 ഇപ്പോൾ, അവൻ അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നത് എന്തെന്നാൽ, ദൈവം യിസ്രായേലിനെ വനാന്തരത്തിൽ നിന്ന് വെളിയിൽ കൊണ്ടുവന്ന്, അവനെ സേവിക്കാനായി വനാന്തരത്തിൽ കൊണ്ടു വന്നതിനു ശേഷം പിന്നെ അവരെ വാഗ്ദത്തദേശത്തേക്ക് കൊണ്ടുപോകുവാൻ. അവർ . . . അവൻ ഇവിടെ ഒരു ഉദാഹരണത്തെ കാണിക്കുന്നത്, എന്തെന്നാൽ, നമ്മെ സകല ലോകപരമായ കാര്യങ്ങളിൽ നിന്നും, ആചാരാനുഷ്ഠാനങ്ങളിൽ നിന്നും, നിബന്ധനകളിൽ നിന്നും, അവ എല്ലാം ഒന്നു തന്നെ, വെളിയിലാക്കി. നാം മുന്നോട്ട് നമ്മുടെ പാഠത്തിൽ നിന്നും മനസ്സിലാക്കുന്നത്, അതിൽപ്പെട്ട് അനേകർ പുറന്തളളപ്പെട്ടു. എന്തെന്നാൽ, ദൈവം അവരോട് കൽപ്പിച്ച സകല ആചാരക്രമങ്ങളും, നിബന്ധനകളും അവർ പാലിച്ചു എന്നു വരുകിലും, അവരുടെ ഹൃദയം അപ്പോഴും ദൈവവുമായി നിരപ്പല്ലായിരുന്നു.

23 ഇപ്പോൾ, നമുക്ക് അനേക കാര്യങ്ങൾ ചെയ്യാൻ കഴിയും. നമുക്ക് തിരുവത്താഴം എടുക്കാൻ കഴിയും. നാം സ്നാനപ്പെടാൻ കഴിയും. നമുക്ക്– നമുക്ക് പളളിയിൽ വന്നിട്ട്, നമ്മുടെ പേരിനെ ബുക്കിലെഴുതാൻ കഴിയും, അല്ലെങ്കിൽ നമുക്ക് എത്രക്കും എളിമയോടും ബഹുമാനത്തോടും ആയിരിക്കാനാകുമോ അത്രക്കും ആയിരിക്കാൻ കഴിയും, എന്നാൽ അപ്പോഴും നഷ്ടപ്പെട്ടിരിക്കും. അതാണ് ഒരേ ഒരു മുന്നറിയിപ്പ്. നമുക്ക് മീറ്റിംഗ് നടക്കുന്ന സ്ഥലത്ത് പരിശുദ്ധാത്മാവ് വരാൻ തുടങ്ങുമ്പോൾ വളരെ ആനന്ദിക്കാൻ കഴിഞ്ഞെന്നിരിക്കാം, വചനം പ്രസംഗിക്കപ്പെടുമ്പോൾ, വചനവുമായി നമ്മുടെ ഹൃദയം വളരെ ആനന്ദിച്ചെന്നിരിക്കാം, അപ്പോഴും നാം നഷ്ടപ്പെട്ടവരായിരിക്കാം.

24 "മഴ നീതിമാന്റെമേലും അധർമ്മിയുടെ മേലും വീഴുന്നു." ഗോതമ്പിനെ വളരുമാറാക്കുന്ന അതേ മഴ തന്നെ, കളയേയും വളരുമാറാക്കുന്നു. കാഴ്ചക്ക് ഒരേ തരത്തിലുള്ള ഫലത്തെ തരുന്നു. അതു ഫലത്തിന്റെ സ്വഭാവമാകുന്നു. നോക്കുക. അതുകൊണ്ട്, നമ്മിലുള്ള സ്വഭാവം നാം എന്താണെന്ന് വിളിച്ചു പറയുന്നു. കാണുന്നുണ്ടോ? അല്ല . . .

25 നാം അത്രയും മതഭക്തരായിട്ട് ഞായറാഴ്ച ദിവസങ്ങളിൽ ഒരു കാര്യം ചെയ്യേണ്ടതിന് നമ്മുടെ കൈകളെ തിരിക്കാതെയും യാതൊന്നും ചെയ്യാതെയും ഇരിക്കാം. ചിലപ്പോൾ ഞായറാഴ്ചകളിൽ നമ്മുടെ ഉടുപ്പിൽ ഒരു തുന്നൽകൂടെ ചെയ്തില്ലെന്നിരിക്കാം. നാം ഞായറാഴ്ചകളിൽ നമുക്ക് ആഹാരം വാങ്ങാനായി പോലും നല്ലതായി അനുഭവപ്പെട്ടെന്നില്ലാതിരിക്കാം. നാം മതപരമായ വിശ്വാസങ്ങളോ, ഭക്തിയോ പ്രകടിപ്പിക്കുന്നവരാകാം! എന്നാൽ, അപ്പോഴും, നാം ശരിയായി വീണ്ടും ദൈവത്തിന്റെ ആത്മാവിനാൽ ജനിക്കാത്തവരായിരിക്കുന്നുവെങ്കിൽ, നാം വ്യർത്ഥമായി ആരാധിക്കുന്നു.

26 ആകയാൽ, ഇപ്പോൾ, ഇത് തരക്കേടില്ലാതെ കാഠിന്യമായിരിക്കുന്നു. നാം യഥാർത്ഥമായി ഇതിന്റെ സത്യമെന്താണെന്ന് കണ്ടുപിടിക്കാൻ ആശിക്കുന്നു. എന്തെന്നാൽ, ഓർക്കുക, ഇതിനായി നമുക്ക് ഒരു രണ്ടാമതൊരു അവസരം ലഭിക്കുകയില്ല. അത് ഈ ഒരു അവസരമാകുന്നു, അതുകൊണ്ട്

നിങ്ങൾ തീർത്തും അതു തീർച്ചപ്പെടുത്തിയിരിക്കണം.

ഇപ്പോൾ, ശ്രദ്ധിക്കുക, "നിങ്ങൾ അജ്ഞാനികളായിരിക്കരുത്, സഹോദരന്മാരേ."

27 ഇപ്പോൾ, ഈ കൊരിന്ത്യർ, ഞാൻ ആദ്യ സ്ഥാനത്ത് എന്തു പറയണം? അവർ അവരുടെ നിത്യതയുടെ പ്രതീക്ഷ ചില തോന്നലുകളിലാണ് വെച്ചിരുന്നത്. പൗലൊസ്, ഇപ്രകാരം. . . അവിടെ പറയുന്നു, "ഞാൻ നിങ്ങളുടെ ഇടയിൽ വന്നപ്പോൾ, ഒരുവന് *ഇതുണ്ട്*, ഒരുവന് *അതുണ്ട്*. പിന്നെ ഒരുവന് –ഒരുവന്. . " ഇപ്പോൾ, അതെല്ലാം ശരിതന്നെ. നമുക്ക് അതിന് വിരോധമായി യാതൊന്നുമില്ല. എന്നാൽ അപ്പോഴും, നാം അതിനെക്കുറിച്ചല്ല സംസാരിക്കുന്നത്. കാണുന്നുണ്ടോ? അത് ഇതല്ല.

28 ഞാൻ ആദ്യമായി പരിവർത്തനം ചെയ്യപ്പെട്ടത് ഓർക്കുന്നു. ഞാൻ ആത്മാവിന്റെ പ്രവർത്തനം കണ്ടുതുടങ്ങിയപ്പോൾ, എങ്ങനെ ഒരുവന് ശരിയായ പരിശുദ്ധാത്മാവിനെ, അത്തരത്തിൽ അനുകരിക്കാൻ കഴിഞ്ഞിട്ട് ഏതാണ് ശരി ഏതാണെന്നും തെറ്റ് ഏതാണെന്നും പറയാൻ കഴിയുന്നത് വളരെ കഠിനമായ ഒരു കാര്യമായിരുന്നു.

29 ഞാൻ അറിയുന്ന ഒരു മനുഷ്യൻ ഞാൻ. . . അയാൾ മറ്റൊരു മനുഷ്യന്റെ ഭാര്യയുമായി ജീവിക്കുകയാണ് എന്നു വിവേചനത്തിലൂടെ അറിഞ്ഞു. അവൻ ഇവിടെ നിന്നുകൊണ്ട് വചനം പ്രസംഗിക്കുകയും അന്യഭാഷയിൽ സംസാരിക്കുകയും ഭാഷാവ്യാഖ്യാനം ചെയ്യുകയും, എല്ലാം ചെയ്യുകയും ചെയ്യുന്നു. ഞാൻ മറ്റെ മനുഷ്യനുമായി ഒരിടത്ത് എനിക്ക് അല്പ സമയം സംസാരിക്കാനായി അവസരം ലഭിച്ചപ്പോൾ, അയാൾ, ഒരു യഥാർത്ഥ ശരിയായ ക്രിസ്ത്യാനിയായിരുന്നു.

30 ഞാൻ ചിന്തിച്ചു, "എങ്ങനെയാണ് ആ ആത്മാവ്, ഒരേ ആത്മാവ്, ഞാൻ ആയിരിക്കുന്നിടത്ത്. . ." അങ്ങനെയായിരുന്നു ഞാൻ ആദ്യമായി പെന്തെക്കോസ്തിനെ കണ്ടപ്പോഴായിരുന്നത്. അത് ഇൻഡ്യാനയിലെ മിഷാവാകായിലായിരുന്നു. ഞാൻ നിങ്ങളോട് പറയുന്നു, അത് തീർച്ചയായും. . . ഈ രണ്ടു മനുഷ്യരേയും കണ്ടപ്പോൾ, ഞാൻ ചിന്തിച്ചു, ചില മണിക്കൂറുകൾ ഞാൻ അവിടെ ആയിരുന്നപ്പോൾ, ഞാൻ മാലാഖമാരുടെ ഇടയിലായിരുന്നു. ഇപ്പോൾ, അടുത്ത ചില മണിക്കൂറുകൾ, ഞാൻ അതു കണ്ടപ്പോൾ, പിശാചുക്കളുടെ ഇടയിലാണെന്ന് ഞാൻ ചിന്തിച്ചു. ഒരുവൻ സന്ദേശം കൊടുക്കുകയായിരുന്നു, മറ്റൊരുവൻ വ്യാഖ്യാനിക്കുകയായിരുന്നു.

31 ഞാൻ അതിന് മുമ്പ് അന്യഭാഷയിൽ സംസാരിക്കുന്നതും, അങ്ങനെയുള്ളതൊന്നും കേട്ടിട്ടില്ലായിരുന്നു. ഞാൻ ആത്മാക്കൾ എങ്ങനെയാണ് ചലിച്ചിരുന്നത് എന്നു ശ്രദ്ധിച്ചു. ഞാൻ ചിന്തിച്ചു, "ഓ, എന്റെ! എന്താണ് ആ

മഹത്തായ ആയിരമാണ്ട് വാഴ്ച തുടങ്ങി." എന്നിട്ട് എനിക്ക്, പുറത്ത് ഒരുവനുമായി സംസാരിക്കാൻ ഒരു അവസരം ലഭിച്ചപ്പോൾ, അവൻ എവിടെ നിന്നാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നുവെന്നും, അവന് എത്ര പാപമായിരിക്കാൻ കഴിയുമെന്നുമാണ്.

32 അന്ന് രാത്രിയിൽ തന്നെ, ഞാൻ അവരെ വീണ്ടും ശ്രദ്ധിച്ചു, ഞാൻ ചിന്തിച്ചു,"ഓ, എന്നെ ഇവിടെ നിന്നും പെട്ടെന്ന് മാറ്റിക്കളയുക. എനിക്ക് ഇത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല." അത് സത്യവേദ പുസ്തകത്തിലായിരിക്കുന്നു എന്നു ഞാൻ കണ്ടു. അവിടെ ഒരുവൻ ദൈവത്തിന്റെ ആത്മാവിനെ കൂടാതെ ചെയ്യുന്നു, മറ്റൊരുവൻ ദൈവത്തിന്റെ ആത്മാവിനാൽ ചെയ്യുന്നു. അപ്പോൾ ഞാൻ ആകെ കൂട്ടിക്കുഴയ്ക്കപ്പെട്ടു. അതിനെ മുഴുവൻ കാര്യത്തേയും ഞാൻ അങ്ങനെ പോകുവാനായി അനുവദിച്ചു.

33 ഒരു വർഷങ്ങൾക്കുശേഷം, വെള്ളപ്പൊക്കം കഴിഞ്ഞപ്പോൾ, ഞാൻ ഗ്രീൻമിൽ റോഡിലൂടെ നടന്നുപോകുകയായിരുന്നു. സംസ്ഥാനത്തിലെ സെനറ്ററായ, ശ്രീമാൻ ഐെസ്ലർ, നമ്മുടെ പള്ളിയിൽ വന്നിരുന്നു, അദ്ദേഹം എന്നെ റോഡിൽ വെച്ച് കണ്ടുമുട്ടി എന്നെ ആലിംഗനം ചെയ്തിട്ടു ചോദിച്ചു. "ബില്ലി, ക്രിസ്തു എന്നാൽ, നിങ്ങൾ ഇപ്പോൾ എന്താണ് അർത്ഥമാക്കുന്നത്?" എന്റെ പിതാവ് പോയിക്കഴിഞ്ഞിരുന്നു. എന്റെ സഹോദരൻ പോയിക്കഴിഞ്ഞിരുന്നു. എന്റെ ഭാര്യ പോയിക്കഴിഞ്ഞിരിക്കുന്നു. എന്റെ കുഞ്ഞ് പോയിക്കഴിഞ്ഞിരിക്കുന്നു. എന്നിട്ട് ഞാൻ . . .

ചോദിച്ചു, "അവൻ എന്താണ് അർത്ഥമാക്കുന്നു?"

34 ഞാൻ പറഞ്ഞു, "ശ്രീമാൻ. ഐെസ്ലർ, അവൻ എനിക്ക് ജീവനെക്കാൾ അർത്ഥമാക്കുന്നു." ഞാൻ പറഞ്ഞു, "എന്തോ ഒന്നു എന്റെ ഉള്ളിൽ സംഭവിച്ചു. കുറച്ചു വർഷങ്ങൾക്ക് മുമ്പ് ക്രിസ്തു എന്റെ ഹൃദയത്തിൽ വന്നു. ഞാൻ – ഞാൻ . . . ഞാൻ സ്വയം എന്നെക്കാൾ എന്തോ കൂടുതലായി തീർന്നതായി തോന്നുന്നു. അത് എന്തോ ഒന്നു സംഭവിച്ചതാണ്. അത് മതഭക്തിയുള്ളവനായിരുന്നതുകൊണ്ടല്ല. ഞാൻ അങ്ങനെ ആയിരുന്നില്ല. അത് ദൈവത്തിന്റെ കൃപയാൽ എനിക്ക് വേണ്ടി ചെയ്തതാകുന്നു." എന്നിട്ട് ഞാൻ പറഞ്ഞു, "അവൻ എന്നെ കൊന്നാലും, ഞാൻ ഇപ്രകാരം തന്നെ അവനിൽ ആശ്രയിക്കും. ഞാൻ നരകഗത്തിലായിരുന്നാലും, നരകത്തിലും സ്നേഹം എന്ന് ഒന്നുണ്ടെങ്കിൽ, ഞാൻ അപ്പോഴും അവനെ സ്നേഹിച്ചുകൊണ്ടിരിക്കും. അത്ര തന്നെ." അത് *ഇവിടെയുള്ള* എന്തോ ഒന്നു ആകുന്നു. അവൻ ശരിയാകുന്നു. എനിക്ക് ലഭിച്ച ഓരോ ശിക്ഷയ്ക്കും എനിക്ക് അർഹതയുണ്ട്. അതു തന്നെ നിങ്ങളും ചെയ്യുക. എന്നാൽ ആ നങ്കൂരം, ആ എന്തെങ്കിലും, ആ സ്നേഹത്തിന്റെ നങ്കൂരം, അത് മനുഷ്യന്റെ ഹൃദയത്തെ പിടിച്ചു വെക്കുന്നു. മറ്റു എല്ലാ കാര്യങ്ങളും രണ്ടാമതായിട്ടാകുന്നു.

35 ആ തടിയുടെ പുറത്തിരുന്നുകൊണ്ട്, ഞാൻ മറ്റെന്തിനെക്കുറിച്ച്

പ്രാർത്ഥിക്കുകയായിരുന്നു. അപ്പോൾ, എന്റെ സത്യവേദ പുസ്തകം തുറന്നുവന്നു, എബ്രായരുടെ പുസ്തകം 6–ാം അദ്ധ്യായത്തിൽ. "ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും, പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിന്മാറിപ്പോയാൽ തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിയുന്നതല്ല." എന്നു വായിക്കുകയായിരുന്നു.

36 പരിശുദ്ധാത്മാവ് എന്നോട് അതിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു. " അത് എന്തായിരുന്നു?" ഞാൻ അതിനെ വീണ്ടും വായിച്ചു. അതിനുശേഷം ദർശനം വന്നു. ലോകം എന്റെ മുന്നിൽ, ചുറ്റിക്കൊണ്ടിരിക്കുന്നതായി കണ്ടു. അത് മുഴുവനുമായി ഉഴുതുമറിച്ചിട്ട്, സസ്യത്തെ നടുവാനായ പാകപ്പെടുത്തിയിരുന്നു. അതിൽ ഒരു വെള്ളയുടുത്ത മനുഷ്യൻ വിത്തുകൾ വിതച്ചു കൊണ്ടു പോകുന്നതായി കണ്ടു. അവൻ ഭൂമിയുടെ അറുതിയെല്ലാം വിത്തുകൾ വിതച്ചു കഴിഞ്ഞതിനു ശേഷം കറുപ്പു ധരിച്ച ഒരുവൻ അതിനു പിന്നിലായി വിത്തുകൾ വിതച്ചുകൊണ്ടു പോകുന്നതായി കണ്ടു. ആ നല്ല മനുഷ്യൻ വിതച്ച വിത്തുകൾ കിളിർത്തപ്പോൾ, അത് ഗോതമ്പായി കണ്ടു. മോശമായ, കറുത്ത മനുഷ്യൻ വിതച്ച വിത്തുകൾ, കറുത്ത വസ്ത്രം ധരിച്ചിരുന്നയാൾ. അതു കിളിർത്തപ്പോൾ, അത് കളയായിരുന്നു. ഓ, ഒന്നു മറ്റേതിനു വിരുദ്ധമായിരിക്കുന്നു.

37 ആ ദർശനത്തിൽ, ഒരു മഹത്തായ വരൾച്ചയുണ്ടായി. ആ ചെറിയ ഗോതമ്പ്, അതിന്റെ തലയെ താഴ്ത്തി; അതിന് അതിയായി ദാഹിക്കുന്നുണ്ടായിരുന്നു. കളയും അതിന്റെ തലയെ താഴ്ത്തി അതിനും കുടിക്കാനായി ദാഹിക്കുന്നുണ്ടായിരുന്നു. അതിനുശേഷം ഒരു വലിയ മേഘം വരികയും, മഴ താഴേക്ക് വീഴാനും തുടങ്ങി. ഗോതമ്പ് എഴുന്നേറ്റിട്ട്, അലറി വിളിക്കാൻ തുടങ്ങി, "കർത്താവിന് സ്തോത്രം, കർത്താവിന് സ്തോത്രം!" അതിന് വെള്ളം കിട്ടിയതിനാൽ അത് വളരെ സന്തോഷത്തിലായിരുന്നു. ആ ചെറിയ കളയും എഴുന്നേറ്റിട്ട്, അതേ വെള്ളത്തിനായി "കർത്താവിന് സ്തോത്രം, കർത്താവിന് സ്തോത്രം!" എന്നു അലറി വിളിക്കാൻ തുടങ്ങി.

38 അപ്പോൾ എനിക്ക് മനസ്സിലായി. കാണുന്നുണ്ടോ? അത് അവിടെ ആകുന്നു. പരിശുദ്ധാത്മാവ് വീഴും, എന്നാൽ, "അവരുടെ ഫലങ്ങളാൽ, അവരെ തിരിച്ചറിയാം," എന്നു കർത്താവ് പറഞ്ഞു. കാണുന്നുണ്ടോ? കാണുന്നുണ്ടോ? ആത്മാവിന്റെ പ്രതികരണത്താലല്ല, അവർ രോഗികളെ സൗഖ്യമാക്കുന്നുണ്ടെന്നോ അല്ലെങ്കിൽ അവർ അന്യഭാഷയിൽ സംസാരിക്കുന്നുണ്ടെന്നോ, അല്ലെങ്കിൽ അവർ ആത്മാവിൽ പാടുന്നുണ്ടെന്നോ അല്ലെങ്കിൽ അവർ ആ രീതിയിലോ മറ്റെ രീതിയിലോ ആനന്ദിക്കുന്നുണ്ടെന്നോ അല്ല. അവർക്ക് ഇതെല്ലാം ചെയ്യാൻ കഴിഞ്ഞെന്നിരിക്കിലും അപ്പോഴും നഷ്ടപ്പെട്ടു പോയിരിക്കുന്നു. അത് നിങ്ങളിലെ വീണ്ടും ജനിച്ച പരിചയമുള്ള ജീവിതമാകുന്നു.

39 ഇപ്പോൾ, പൗലൊസ് ആ കൊരിന്ത്യർ അറിഞ്ഞിരിക്കേണ്ടതായി ശ്രമി ക്കുന്നതെന്തെന്നാൽ. " ഞാൻ . . . "

*അതുമാത്രമല്ല, സഹോദരന്മാരേ, നിങ്ങൾ അജ്ഞാനികൾ ആയിരിക്ക രുത് എന്നു ഞാൻ ആശിക്കുന്നു, നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘ ത്തിൻ കീഴിലായിരുന്നു കടലിലൂടേയും കടന്നു വന്നു;*
*മോശെ മുഖാന്തരം. . . സ്നാനപ്പെട്ടു. . .*

40 അവർ ഓരോരുത്തരും വനാന്തരത്തിലേക്ക് പോയി. യേശു പറഞ്ഞു, "കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ കടക്കുന്നത്." അത് നിങ്ങൾ എന്തു പറയുന്നു എന്നല്ല. നിങ്ങൾ സുവിശേഷം പ്രസംഗിച്ചെന്നിരിക്കാം എന്നിട്ടും നഷ്ടപ്പെട്ടിരിക്കാം. തീർച്ചയായും.

41 ഇത് ചെറിയ കുട്ടികൾക്കുള്ള അസംബന്ധമല്ല. ഇത് തീർത്തും. . . . ഇത് ആഴത്തിലുള്ളതാകുന്നു. ക്രിസ്ത്യാനിത്വം എന്നത്, നിസ്സാരമായ, കാല്പനീകമായ ഇത്തരത്തിലെ കാര്യങ്ങളായ, " അതെ ഞാൻ പള്ളിയിൽ പോകുന്നു, പള്ളിയിൽ പോകുക എന്നത് എന്റെ ദൗത്യമാകുന്നു." അത് ക്രിസ്ത്യാനിത്വമല്ല. സഹോദരാ, ക്രസ്ത്യാനിത്വം അതല്ല. . .

42 അത് ദൈവം ചെയ്ത ഒന്നാകുന്നു. ദൈവം നിങ്ങളെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു, എന്നിട്ട് നിങ്ങളെ ക്രിസ്തുവിന് ഒരു സ്നേഹോപഹാരമായി നൽകി. ദൈവം വിളിക്കുന്നുവെങ്കിൽ . . തിരഞ്ഞെടുപ്പ്! നാം അത്തരത്തിലെ അവസരം ലഭിച്ച ഒരു വ്യക്തിയാണെങ്കിൽ, അതിലേക്കായി, ലോകത്തിന്റെ ചെറിയ കാര്യങ്ങളെ ഉപേക്ഷിച്ചുകളയുകയില്ലയോ? നാം മുന്നോട്ട് പോകു മ്പോൾ അത് ശ്രദ്ധിക്കുക.

*എല്ലാവരും ഒരേ ആത്മീയ മന്ന കഴിച്ചു;*

43 നിങ്ങൾ മൂന്നാമത്തെ വചനം കേട്ടുവോ?

*എല്ലാവരും ഒരേ ആത്മീയ മന്ന കഴിച്ചു;*

44 അവൻ എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നത്? സഭയിലെ ആചാ രാനിഷ്ഠാനങ്ങളെക്കുറിച്ചാണ്. ജനങ്ങൾ പള്ളിയിലേക്ക് വന്നിട്ട് അവർ മാന സാന്തരപ്പെട്ടുവെന്നും ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടുവെന്നും പറഞ്ഞിട്ട്, കർത്താവായ യേശുവിന്റെ നാമത്തെ എടുക്കുന്നു. "അവർ ആ വനാന്തര ത്തിൽ ചെയ്ത അതേ കാര്യം തന്നെ ചെയ്തു," എന്നു പൗലൊസ് പറയുന്നു. അതാണ് കൊരിന്ത്യർ ചെയ്തത്. അവർ കടന്നുവന്നിട്ട് ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടു. പുറമെ ക്രിസ്തുവിനെ എടുത്തു. ഉപജീവനം കണ്ടെത്തേണ്ട തിനായി അവനെ എടുത്തു. ബുദ്ധിപരമായി അവനെ സ്വീകരിച്ചു.

45 എന്നാൽ, സഹോദരാ, ഇത് ആ ബുദ്ധിപരമായ കാര്യത്തേക്കാൾ വളരെ അധികമാകുന്നു. ഇത് അതിനും മുകളിലായി പോകുന്നു. ഇത് ഒരു ശരിയായ ജനനമാകുന്നു അതല്ലാതെ, ഇത് ഒരു മാനസീക തോന്നലോ അല്ലെങ്കിൽ വികാരാവേശമുളവാക്കുന്ന ജോലിയോ അല്ല. എന്നാൽ, ഒരു ജനനം, ഒരു അനുഭവജ്ഞാനം, എന്തോ ഒന്നു ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ചെന്നിട്ട്, ഏറ്റവും അകത്തുള്ളതിനെ മാറ്റുന്നു, മറ്റുവാക്കുകളിൽപ്പറഞ്ഞാൽ, നിങ്ങൾ ഒരിക്കലും ചെയ്യാത്തതിനെ നിങ്ങൾ മുഖാന്തരം ചെയ്യിക്കുന്നു. അത് നിങ്ങൾക്ക് സ്നേഹിക്കാൻ പറ്റാത്തവരെ സ്നേഹിക്കുന്നു. അത് നിങ്ങൾ ചെയ്യുമെന്നു വിചാരിക്കുന്ന കാര്യങ്ങളെ വ്യത്യസ്ഥമായി രീതിയിൽ ചെയ്യിപ്പിക്കുന്നു.

46 സാഹചര്യങ്ങൾ വരുമ്പോൾ, അത് നിങ്ങളുടെ നങ്കൂരമാകുന്നു. നിങ്ങൾക്ക് "അത് ചെയ്യാൻ കഴിയുമോ?" എന്നു അത്ഭുതപ്പെടേണ്ട കാര്യമില്ല. ഓ, ഇല്ല. ഇത് എനിക്ക് ചെയ്യാൻ കഴിയുമോ എന്നല്ല. ഇത് എനിക്കായി മുന്നമേ ചെയ്തുകഴിഞ്ഞിരിക്കുന്നു. എന്നിലുള്ള ക്രിസ്തു, താൻ സ്വയം അത് ചെയ്തിരിക്കുന്നു, ഞാൻ അവന്റെ നങ്കൂരത്തിൽ ആശ്രയിക്കുന്നു. എന്തൊരു അത്ഭുതമായ കാര്യം!

47 ശ്രദ്ധിക്കുക, അവർ എല്ലാവരും തിരുവത്താഴം എടുത്തിരുന്നു. ആ അകത്തായിരുന്നു പ്രകാശം. . . . അത് ഒരു ഭൗതീക പ്രക്രീയയാണെന്ന് നമുക്ക് എല്ലാവർക്കും അറിയാം, എന്തെന്നാൽ, അത് ഒരു മഞ്ഞുപോലുള്ള സാധനം ആകാശത്തുനിന്നു പൊഴിഞ്ഞിരുന്നു, ഒരു ചെറുപാളി റൊട്ടി, അതിനുമേൽ തേനുണ്ടായിരുന്നു. അത് . . . ചെറുപാളി റൊട്ടി, ഒരു തരം കനം കുറഞ്ഞ ബിസ്കറ്റ്, ഒരു ചെറിയ മധുരപലഹാരം, അതിന്റെ പുറത്തായി തേൻ ഉണ്ടായിരുന്നു. അവർ അതിനെ എടുത്ത് കഴിച്ചിരുന്നു. സകലരും ചെങ്കടൽ കടന്നു വന്നു, മോശെയാൽ കടലിനാലും, മേഘത്താലും സ്നാനപ്പെട്ടു. ദൈവത്തിന്റെ ദാസനായ, അവന്റെ കല്പനകളെ കീഴ്പ്പെട്ടിരുന്നു, അവർ എല്ലാവരും അവനിലേക്ക് സ്നാനപ്പെട്ടിരുന്നു. മഹത്തായ ക്രിസ്ത്യൻ സഭയുടെ തലവനായ പരിശുദ്ധാത്മാവിന്റെ നായകത്വത്തിൽ ഇന്ന് നാം ആയിരിക്കുന്നതുപോലെ, അന്ന് അവർ ആയിരുന്നു. നാം എല്ലാവരും ജലസ്നാനത്തിലൂടെ നയിക്കപ്പെട്ടു.

അവൻ പറഞ്ഞു, "അവർ എല്ലാവരും ഒരേ മന്ന കഴിച്ചു."ആ. . .

48 അത് അതിനെ എന്തു ചെയ്തു? മോശെക്കും, കാലേബിനും, യോശുവാക്കും ചെയ്തതുപോലെ തന്നെ കോരഹിനും അവന്റെ കൂട്ടം ജനങ്ങൾക്കായും വീണു. അവർ എല്ലാവരും സമ്മിശ്രരായിരുന്നു: എല്ലാവരും സ്നാനത്തിൽ പങ്കാളികളായി, എല്ലാവരും അംഗത്വത്തിൽ പങ്കാളികളായിരുന്നു, എല്ലാവരും ഏറ്റുപറച്ചിലിൽ പങ്കാളികളായിരുന്നു.

49 ഇപ്പോൾ, എല്ലാവരും തിരുവത്താഴത്തിൽ പങ്കാളികൾ. നിങ്ങൾക്ക് ഇത്

കിട്ടുന്നുണ്ടോ? കാര്യ ഗൗരവത്തോടുള്ള ഈ മുന്നറിയിപ്പിനെ കേൾക്കുക. കൂടാരത്തിലെ ആട്ടിൻകൂട്ടമേ, ഇത് വളരെ ആഴത്തിൽ ഇറങ്ങട്ടെ, ഓർക്കുക, ഇത് നിങ്ങളുടെ നിത്യമായ ചെന്നുചേരേണ്ട സ്ഥലം, അവിടെ തൂങ്ങിക്കിടക്കുകയാണ്. ഇതിനെ ഒരു ചെറിയ വെള്ളപ്പൊക്കം, അല്ലെങ്കിൽ അങ്ങനെയുള്ള തെന്തെങ്കിലും എന്നതുപോലെ കടന്നുപോകരുത്. ഇത് എന്നത് നാം എല്ലാവരും ബഹുമാനം കൊടുക്കേണ്ട ഒന്നാകുന്നു. ഇത് നാം ഇതിനുശേഷം ജീവിക്കുമോ ഇല്ലയോ എന്നുള്ള അർത്ഥമാക്കുന്ന ഒന്നാകുന്നു.

50 ചെങ്കടലിലൂടെ അവരെല്ലാവരും മോശെ മുഖാന്തരം സ്നാനപ്പെട്ടു. അവരെല്ലാവരും ഓരേ ആത്മീയമായ മേഘത്തേയും, അഗ്നിസ്തംഭത്തേയും പിൻപറ്റി. അവരെ എല്ലാവരേയും ഒരേ ദൂതനാൽ നടത്തപ്പെട്ടു. അവർ എല്ലാവരും ഒരേ പാസ്റ്റർ മുഖാന്തരം പുറത്തുകൊണ്ടുവരപ്പെട്ടു. അവർ എല്ലാവരും സമുദ്രത്തിൽ സ്നാനം കഴിപ്പിക്കപ്പെട്ടു. അവർ എല്ലാവരും ആ ആത്മീയ മന്ന കഴിച്ചു. ആ മന്ന ക്രിസ്തുവായിരുന്നു. ക്രിസ്തു താഴേക്ക് വരുന്നു, മന്ന സ്വർഗ്ഗത്തിൽ നിന്ന് എല്ലാ രാത്രിയിലും താഴേക്ക് വന്നു, അവരുടെ യാത്രയിൽ അവരെ നിലനിർത്തേണ്ടതിന്, ഇവിടെ നശിച്ചു പോന്നു.

51 "അവനിൽ വിശ്വസിക്കുന്നവർ ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്" ക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് തന്റെ ജീവനെ കൊടുത്തു. അതേ ആത്മീയ അനുഗ്രഹങ്ങളെ ഭക്ഷിക്കേണ്ടതിന് ക്രിസ്തു ഇറങ്ങി വന്നു നമ്മുടെ മന്നയായിത്തീർന്നു.

52 അതുകൊണ്ട്, പരിശുദ്ധാത്മാവ് ജനങ്ങളുടെ ഇടയിൽ , ശീതോഷ്ണവാന്മാരായ ക്രസ്ത്യാനികളുടെ ഇടയിലും, അർത്ഥവിശ്വാസികളുടെ ഇടയിലും, അതിർത്തിരേഖ വിശ്വാസികളുടെ ഇടയിലും, വീഴാൻ കഴിഞ്ഞിട്ട് അവർ അതു തന്നെ തിന്നു. എന്നാൽ അതു ഇന്നുവരെ അർത്ഥമാക്കിയില്ല. ഓ, എനിക്ക് ഇവിടെ ഇരിക്കുന്ന ഓരോരുത്തരുടേയും ഹൃദയത്തിലേക്ക് അത് തുളച്ചു കയറ്റുവാൻ തക്കവണ്ണം വാക്കുകളുണ്ടായിരുന്നുവെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ്. ഇത് എത്ര ആഴമേറിയ കാര്യമാണെന്ന് നോക്കൂ. ഇത് കളിക്കാനുള്ള ഒന്നല്ല. ഇത് ഒരു പള്ളിയിലേക്ക് പോകുന്നതു മാത്രമല്ല.

53 ഇപ്പോൾ, ശ്രദ്ധിക്കുക. അവർ എല്ലാവരും ഒരേ ആത്മീയ മന്ന കഴിച്ചു. അതിനെക്കുറിച്ച് ചിന്തിച്ചു നോക്കൂ, അത്മീയ മന്ന!

54 "ഓ!," നിങ്ങൾ പറയും, "ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നെനിക്കറിയാം! ഹല്ലേല്ലൂയാ! ഞാൻ ആത്മാവിൽ ആർത്തുവിളിച്ചു. *എനിക്ക് അത് അനുഭവപ്പെട്ടു."* അതിന് ഇതുമായി യാതൊന്നും ചെയ്യാനില്ല. നാം എങ്ങനെയാണ് നമ്മുടെ നിത്യമായ ലക്ഷ്യത്തെ ഒരു അനുഭവത്തിൽ ആശ്രയിക്കുന്നത്? നാം ജീവിക്കുന്ന ഈ നാളിനെ നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ടോ, അവർ എങ്ങനെയാണ് അവരുടെ–അവരുടെ ലക്ഷ്യത്തെ ഒരു ചെറിയ തോന്നലിന്മേൽ വെച്ചിരിക്കുന്നത്? "ഓ!" പറയും, "എനിക്ക് അത് കിട്ടി എന്ന്

എനിക്കറിയാം, എന്തുകൊണ്ടെന്നാൽ ആ ശക്തി എന്നിലൂടെ കടന്നുപോയി. ഞാൻ *ഇത്* ചെയ്തു." അത് തീർത്തും ശരിയായിരിക്കും, അപ്പോഴും നിങ്ങൾ നഷ്ടപ്പെട്ടവരാണ്.

55 ഓ, നമുക്ക് ഒരു നിമിഷമുണ്ടായിരുന്നുവെങ്കിൽ. നമുക്ക് 1 കൊരിന്ത്യർ 13–ാമത്തെ അദ്ധ്യായത്തിലേക്ക് പോകാം, ഇവിടെ, ഒരു നിമിഷം, പൗലോസിന് എന്താണ് പറയാനുള്ളതെന്ന് കേൾക്കാം, ഇവിടെ തന്നെ.

*ഞാൻ മനുഷ്യരുടേയും ദൂതന്മാരുടേയും ഭാഷകളിൽ. . . സംസാരിച്ചാലും എനിക്ക് സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രെ.*

*. . . എനിക്ക് പ്രവചനവരം ഉണ്ടായിട്ട് സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്കവണ്ണം വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഏതുമില്ല.*

56 തോന്നലുകളിൽ അവരുടെ ആശ്രയം വെച്ചിരിക്കുന്ന സഭകളോട്, കർക്കശക്കാരനായ, വൃദ്ധനായ പൗലൊസ് പറയുന്നതു കേൾക്കുക. ഇപ്പോൾ, ഇതു വേദപാഠശാല ക്ലാസാകുന്നു. ഇത് തിരുത്തലിന്റെ സ്ഥലമാകുന്നു. ഇത് പഠിപ്പിക്കലിന്റെ സ്ഥലമാകുന്നു. പുൽപ്പിറ്റിൽ നിന്നുകൊണ്ട് തെറ്റായി നയിക്കുന്നവൻ ശപിക്കപ്പെട്ടവൻ. സഹോദരാ, ഇത് വചനം വചനമായി താരതമ്യം ചെയ്യപ്പെടേണ്ട സമയമാകുന്നു. അത് ശരിയാണ്.

*എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും. . . എന്റെ ശരീരം ചുടുവാൻ ഏൽപ്പിച്ചാലും, സ്നേഹമില്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല.*

57 നിങ്ങളുടെ നല്ല പ്രവർത്തികളെ നോക്കുക, നിങ്ങളിലെ എല്ലാ നല്ല പ്രവർത്തികളേയും, നിങ്ങൾക്കുള്ള എല്ലാ ആത്മീയ ദാനങ്ങളേയും, നിങ്ങൾക്കുള്ള എല്ലാ തോന്നലുകളേയും, നിങ്ങൾക്കുള്ള എല്ലാ സന്തോഷത്തേയും, നിങ്ങൾക്കുള്ള സകല സമാധാനത്തേയും, തുടക്കം മുതലേ അതും ഇതുമായി യാതൊന്നും ചെയ്യാനില്ല. (ടേപ്പിൽ സ്ഥലം ശൂന്യമായിരിക്കുന്നു.)

58 ഒരു നിമിഷം അതിനെക്കുറിച്ച് ചിന്തിച്ചു നോക്കുക. ഇന്നത്തെ സഭകളെ നോക്കുക, നമ്മുടെ മഹത്തായ സഭകൾ, പ്രിസ്ബിറ്റേറിയൻ, മെഥോഡിസ്റ്റ്, ബാപ്റ്റിസ്റ്റ്, സഭാസംഘടനകൾ, അവർ ചിന്തിക്കുകയും അവർ ഇപ്രകാരം പറയുന്നു, "ഞാൻ വിശ്വസിക്കുന്നു," കടന്നു വന്നു, അവരുടെ പേരുകളുള്ള അവിടെയുള്ള ബുക്കിൽ എഴുതിയിട്ടു, അതു മതിയാകും. അവർ എത്രമാത്രം ദൂരത്തായിരിക്കുന്നു!

59 നമ്മുടെ പെന്തക്കോസ്തു ജനങ്ങൾ ചിന്തിക്കുന്നത്, അതെ ഞങ്ങൾക്ക് ഒരു ചെറിയ തോന്നൽ ഉണ്ടായി, അവർക്ക് അത് നല്ലത്, അവർ അന്യഭാഷയിൽ സംസാരിച്ചു, അവരുടെ കൈയ്യിൽ രക്തമുണ്ടായി, അവരുടെ മുഖത്ത്

അല്പം എണ്ണ വന്നു, അല്ലെങ്കിൽ അങ്ങനെയുള്ളതെന്തെങ്കിലും, "ഞങ്ങൾക്ക് അത് കിട്ടി." ഓ! പത്ത് ദശ ലക്ഷം മൈൽ ദൂരത്തായിരിക്കുന്നു! നിങ്ങൾക്ക് അത് കിട്ടിയോ? എങ്ങനെയാണ് സാത്താൻ, ഈ ലോകത്തിന്റെ ദൈവം, അങ്ങനെ ജീവിച്ചുകൊണ്ടിരിക്കുന്നവരുടെ കണ്ണുകളെ കുരുടാക്കിയിരിക്കുന്നത് എന്ന്. ശ്രദ്ധിക്കുക.

*എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും. . . എന്റെ ശരീരം ചുടുവാൻ ഏൽപ്പിച്ചാലും, സ്നേഹമില്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല.*

60 ആ കൃപകളിലേക്ക് നോക്കുക, അവയെല്ലാം വളരെ നല്ലവ തന്നെ. "ഞാൻ ദരിദ്രർക്ക് അന്നദാനം ചെയ്തു. എനിക്ക് എന്നിൽ തന്നെ ഒരു നല്ല ഹൃദയമുണ്ടായിരുന്നു. ഞാൻ *ഇതു* ചെയ്തു. ഞാൻ *അതു* ചെയ്തു. ഞാൻ പള്ളിയിൽ പോയി. ഞാൻ അന്യഭാഷയിൽ സംസാരിച്ചു. ഞാൻ പ്രവചിച്ചു. ഞാൻ രോഗിയെ സൗഖ്യമാക്കി. ഞാൻ സുവിശേഷം പ്രസംഗിച്ചു. ഞാൻ ഈ കാര്യങ്ങളെ ചെയ്തു." പൗലൊസ് പറഞ്ഞു, "അപ്പോഴും, ഞാൻ ഒന്നുമല്ല." ഈ എല്ലാ കാര്യങ്ങളും ജഢീകമായി അനുകരിക്കപ്പെടാം. ഇപ്പോൾ അതിനെക്കുറിച്ച് എന്തു പറയുന്നു?

*സ്നേഹം ദീർഘമായി ക്ഷമിക്കുകയും. . . ദയ കാണിക്കുകയും ചെയ്യുന്നു, സ്നേഹം സ്പർദ്ദിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല.*

*ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല;*

61 സ്നേഹം, സ്നേഹം. സ്നേഹം എന്താകുന്നു? ദൈവമാകുന്നു. ദൈവം എങ്ങനെയാണ് നിങ്ങളിൽ വരുന്നത്? ഒരു ജനനത്താൽ. കാണുന്നുണ്ടോ?

62 ഇപ്പോൾ, അവർ എല്ലാവരും മോശെമുഖാന്തരം സ്നാനമേറ്റു. അവർ എല്ലാവരും തിരുവത്താഴം കഴിച്ചു. അവർ എല്ലാവരും ദൈവത്തിൽ നിന്നും വന്ന ആത്മീയ മന്ന കഴിച്ചു. സകലരും ഒരേ സാധനം തന്നെ കഴിച്ചു.

63 എന്നിട്ട്, ഇന്ന് നാം വചനത്തിനു ചുറ്റുമായി നിന്നുകൊണ്ട് കേൾക്കുന്നു, അതിൽ ആനന്ദിക്കുന്നു, മന്നയെ എടുത്ത് ഭക്ഷിച്ചിട്ട്, ഇപ്രകാരം പറയുന്നു, "ഓ! ഹല്ലേല്ലൂയാ! അത് നന്നായിരിക്കുന്നു. ഓ, ഞാൻ അതിനെ പ്രകീർത്തിക്കുന്നു. അതെ ഞാൻ സഭയിൽ സ്നാനപ്പെട്ടു. ഞാൻ–ഞാൻ എന്റെ ഉദ്യോഗത്തെ എടുക്കുകയും, ചെയ്യുകയും ചെയ്തു. ഞാൻ എന്റെ പേരിനെ ആ പേരിൽ ഇട്ടു. ഞാൻ ഒരു അധികാര പത്രമുള്ള അംഗമാകുന്നു." ദൈവം എന്തെങ്കിലും ചെയ്തില്ല എങ്കിൽ ഈ സകലതും വ്യർത്ഥവും ദൈവവുമായി യാതൊന്നും ചെയ്യാനില്ലാത്തതുമാകുന്നു. അത് അങ്ങനെയല്ലെങ്കിൽ. . . നിങ്ങൾ ചെയ്ത ആ പ്രവർത്തികൾ. അതാണ് നിങ്ങളുടെ വിശ്വാസത്തെ ഉണ്ടാക്കുന്നത്.

64 എന്നാൽ, ദൈവം നിങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നതുവരെ, പുതു ജനനത്തിലേക്ക്! ഇപ്പോൾ ഒരു നിമിഷം. ഇപ്പോൾ നാലാമത്തെ വാക്യം.

*ഒരേ ആത്മീയ ആഹാരം തിന്നു എല്ലാവരും ഒരേ ആത്മീയപാനീയം കുടിച്ചു-അവരെ അനുഗമിച്ച ആത്മീയപാറയിൽ നിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തുവായിരുന്നു.*

65 അവർ എല്ലാവരും നീരുറവയിൽ നിന്നും കുടിച്ചു, അവർ ആനന്ദിച്ചു. എന്നാൽ, അതിന്റെ അർത്ഥമെന്താണ്? ഗോതമ്പും കളയും രണ്ടുപേരും ഒരേ ആത്മീയ വെള്ളത്താൽ ആനന്ദിച്ചു. ഞങ്ങൾ പള്ളിയിൽ പോകുന്നു. ഞങ്ങൾ മറ്റുള്ളവരോടൊപ്പം ചേർന്നു കൈയ്യടിക്കുന്നു. (സഹോദരൻ ബ്രൺഹാം തന്റെ കൈകളെ മൂന്ന് പ്രാവശ്യം കൂട്ടിയടിക്കുന്നു.) ഞങ്ങൾ മറ്റു ളളവരോടൊപ്പം ചേർന്ന് ആർപ്പു വിളിക്കുന്നു. ഞങ്ങൾ മറ്റുള്ളവരോടൊപ്പം ചേർന്ന് നിലത്തിൽ താഴോട്ടും–മേലോട്ടും ചാടുന്നു. ഞങ്ങൾ മറ്റുള്ളവ രെപ്പോലെ പ്രവചിക്കുന്നു. ഞങ്ങൾ മറ്റുള്ളവരോടൊപ്പം ചേർന്ന് അന്യഭാഷ പറയുന്നു. ഞങ്ങൾ മറ്റുള്ളവരെപ്പോലെ രോഗികൾക്കായി പ്രാർത്ഥിക്കുന്നു. എന്നാൽ അവൻ പറഞ്ഞു. . . ഇപ്പോൾ, നാം അല്പം കൂടെ മുന്നോട്ട് പോകു മ്പോൾ ശ്രദ്ധിക്കുക.

66 ഇപ്പോൾ ആ . . . ഒരു നിമിഷത്തിനകം നിർത്താൻ ആശിക്കുന്നു, ഓ, തുടർന്ന്, “ആ പാറ ക്രിസ്തുവായിരുന്നു.” ആ പാറ ക്രിസ്തുവായിരുന്നു. അത് ഇന്ന് ആത്മീയ രീതിയിലായിരിക്കുന്നതുപോലെ അത് അവിടെ മൂലരൂ പത്തിന്റെ തനി അനുകരണത്തിലായിരുന്നു. ആ മന്ന, ആ ആഹാരം: അത് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ദൈവത്തിന്റെ വചനമായിരുന്നു. ക്രിസ്തു ദൈവത്തിന്റെ വചനമാകുന്നു, നാം ആ വചനത്തെ ഭക്ഷിക്കുന്നു. കാണുന്നുണ്ടോ? ഈ രാവിലെ നേരത്തിലെ സന്ദേശത്തെപ്പോലെ, നാം ഇരു ന്നു, നാം കേൾക്കുന്നു. നമ്മുടെ പ്രാണനുകൾ അവിടെ എത്തിയിട്ട് ആ വച നത്തെ പെട്ടെന്ന് പിടിച്ച് പറിക്കുന്നു. നാം ആ വചനം മൂലം ജീവിക്കുന്നു. അവൻ പറഞ്ഞു, “ അവർ എല്ലാവരും ആ ആത്മീയ മന്ന ഭക്ഷിച്ചു, അവർ എല്ലാവരും കുടിച്ചു. എല്ലാവരും ഒരേ ആത്മീയ പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തുവായിരുന്നു.” അതിനെക്കുറിച്ച് ചിന്തിച്ചു നോക്കൂ.

67 ഇപ്പോൾ അവൻ എന്തു ചെയ്യാൻ പോകുന്നു? ഇവിടെ അതിന് ഒരു അവസാനം വരുത്തുവാൻ പോകുകയാണ്. അവൻ ആ കൊരിന്ത്യർക്ക് മുന്ന റിയിപ്പ് കൊടുക്കുന്നു, “നിങ്ങൾ എന്താണ് ചെയ്യുന്നത് എന്നു ശ്രദ്ധിച്ചു കൊൾവിൻ. ഞാൻ നിങ്ങളുടെ ഇടയിൽ വന്നപ്പോൾ, ഒരുവന് ഒരു സങ്കീർത്ത നമുണ്ട്, ഒരുവന് ഒരു അന്യഭാഷയുണ്ട്, ഒരുവന് ഒരു *അതുണ്ട്*, ഒരുവന് ഒരു *ഇതുണ്ട്*, ഒരുവന് ഒരു പ്രവചനമുണ്ട്, ഒരുവന് ഒരു വെളിപ്പാടുണ്ട്, ഒരുവൻ *ഇതു* ചെയ്യുന്നു, ഒരുവൻ *അതു* ചെയ്യുന്നു.” വളരെ ശ്രദ്ധയുള്ളവരായിരി ക്കുക. നിങ്ങളുടെ വിശ്വാസം അതിനുമേൽ വെക്കരുത്, ആ വക കാര്യങ്ങൾ എല്ലാം ശരി തന്നെ. അവയ്ക്ക് അവയുടേതായ സ്ഥാനമുണ്ട്, എന്നാൽ

സഭയിൽ, രക്ഷ അതിന്റെ അടിസ്ഥാനത്തിന്മേൽ വെക്കരുത്. നിങ്ങളുടെ ജീവിതം ദൈവവചനവുമായി ഒരേ നിരയിൽ വരുന്നില്ലെങ്കിൽ, ഈ സമയം ദൈവവുമായി ശരിയായിക്കൊള്ളേണ്ട സമയമാകുന്നു.

68 ഇപ്പോൾ, ശ്രദ്ധിക്കുക, ഈ പാറ, ഈ പാറ വനാന്തരത്തിലുണ്ടായിരുന്ന പാറയായിരുന്നു.

69 ഇവിടെ നിങ്ങൾ ഒരു കാര്യം ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, മിസ്രായീമിലെ ഫെറവോന്റെ നുകത്തിൻ കീഴിൽ നിന്ന് തന്റെ ജനങ്ങളെ വിടുവിക്കേണ്ടതിന് ദൈവം മോശെയെ വിളിച്ച് മിസ്രായീമിലേക്ക് അയച്ചു. അവൻ ചോദിച്ചു, “നിന്റെ കൈയ്യിൽ ഇരിക്കുന്നത് എന്താണ്?”

അവൻ പറഞ്ഞു, “ഇത് ഒരു വടിയാകുന്നു.”

70 അവൻ ആ വടിയെ എടുത്ത് തറയിൽ എറിഞ്ഞപ്പോൾ, അത് ഒരു സർപ്പമായിത്തീർന്നു. അപ്പോൾ, അവൻ, മോശെ, ഓടിപ്പോയി. അതിനു ശേഷം അവൻ അതിനെ തിരികെ എടുത്തപ്പോൾ, അത് അവന്റെ കൈയ്യിൽ ഒരു വടിയായിത്തീർന്നു.

71 ആ വടി, അവൻ മിസ്രായീമിലേക്ക് കടന്നപ്പോൾ, അവൻ അതിനെ മിസ്രായീമിന് മുകളിലായി നീട്ടി, ഈച്ചകൾ പറന്നു വന്നു. അവൻ അതിനെ നീട്ടി, ബാധകൾ വീണു. അത് ദൈവത്തിന്റെ ന്യായവിധിയായിരുന്നു. ദൈവത്തിന്റെ ന്യായവിധി വടിയെ മുന്നോട്ട് നീട്ടിപ്പിടിക്കുന്നതിലായിരുന്നു.

72 അതിനുശേഷം ശ്രദ്ധിക്കുക, ആ വടിയെ യഥാർത്ഥമായി കൈകാര്യം ചെയ്യുന്നതിന് മുമ്പായി, മോശെക്ക് തന്റെ കൈ മാർവിടത്തിലേക്ക് ഇടേണ്ടിവന്നു, അത് കുഷ്ഠം ബാധിച്ചതായി തീർന്നു.

73 അപ്രകാരം ഓരോ മനുഷ്യൻ പ്രകൃത്യാ തുടക്കം മുതലേ ഒരു പാപിയാകുന്നു. അതിനു ചുറ്റുമായി മറ്റു യാതൊരു മാർഗവുമില്ല. നിങ്ങൾ പാപത്താൽ ജനിച്ചു, അകൃത്യത്തിൽ ഉരുവായി, കള്ളം പറഞ്ഞുകൊണ്ടു ലോകത്തിലേക്ക് വന്നു. നിങ്ങൾ നിങ്ങളുടെ അമ്മയുടെ പള്ളിയിൽ സമർപ്പിക്കപ്പെട്ടെന്നിരിക്കാം. നിങ്ങൾ ജലത്താൽ തളിക്കപ്പെട്ടെന്നിരിക്കാം. നിങ്ങൾക്ക് *അതും, ഇതും,* ഉണ്ടായെന്നിരിക്കാം. എന്നാൽ നിങ്ങൾ തുടക്കം മുതലേ ഒരു പാപിയാകുന്നു.

74 എന്നിട്ട്, മറ്റൊന്ന്. ദൈവം പറഞ്ഞു, “നിന്റെ കൈ മാർവിടത്തിലേക്ക് തിരികെ ഇടുക.” അവന്റെ ഹൃദയത്തിനു മേൽ, ദൈവത്തിന്റെ നിർദ്ദേശത്താൽ, അവൻ എവിടെ നിന്നാണോ നാം കൊണ്ടുവരപ്പെട്ടത്, അവൻ തന്റെ കൈകളെ വെച്ചു. ആദ്യം, അവന്റെ കൈ കുഷ്ഠമായിരുന്നു. ആദ്യം, നിങ്ങൾ ഒരു പാപിയായിരുന്നപ്പോൾ, ദൈവത്താൽ നിങ്ങൾ വെളിയിലേക്ക്

കൊണ്ടുവരപ്പെട്ടു; തിരഞ്ഞെടുപ്പുകൊണ്ടല്ല, എന്നാൽ പ്രകൃത്യാൽ; എന്നിട്ട് നിങ്ങൾ വീണ്ടും മടങ്ങിപ്പോയി. അവൻ മടങ്ങിവന്നപ്പോൾ, അവന്റെ കൈകൾ ശുദ്ധവും പരിപൂർണ്ണവുമായിരുന്നു, അത് കാണിക്കുന്നത്, ഈ കൈകളാൽ, ന്യായവിധിയുടെ വടിയെ വീശണമെങ്കിൽ, അത് വീശുന്നതിനു മുമ്പായി, ഒരു വിശുദ്ധമായ കൈയ്യുണ്ടായിരിക്കണം എന്നാണ്. ഏതൊരു ദൈവവേലക്കാരനായിരുന്നാലും, ഏതൊരു ഉപദേഷ്ടാവായിരുന്നാലും. . .

75 ഇന്നു രാവിലെ ഞാൻ തിരിക്കുന്നതിനു മുമ്പായി, റേഡിയോയിലൂടെ ഞാൻ എന്തോ ഒരു കാര്യം കേൾക്കുകയായിരുന്നു, അത് എന്റെ രക്തത്തെ യഥാർത്ഥമായി കലക്കിക്കളഞ്ഞു. ആ വ്യക്തിയുമായി ബന്ധത്തിലുള്ള ആരെങ്കിലും ഇവിടെ ആയിരിക്കുന്നുവെങ്കിൽ എനിക്ക് യാതൊരു ബഹുമാന ക്കുറവുമില്ല, ഞാൻ നിങ്ങളെ വേദനിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇത് സമയമാകുന്നു. . . . ഒരു യഥാർത്ഥ ക്രിസ്ത്യനി ആയിക്കൊണ്ട്, ആത്മാർത്ഥമായി, എന്താണ് കറുപ്പിനെ കറുപ്പാക്കുന്നതെന്നും, വെളുപ്പിനെ വെളുപ്പെന്നും പറയുവാനായി ദൈവം എന്നെ സഹായിക്കട്ടെ.

76 ആരോ പാടുന്നതായി ഞാൻ കേട്ടു, ഇങ്ങനെ പാടി, "എനിക്ക് എന്റെ മരണപത്രം (testamenst) ഉണ്ട്." എന്നിട്ട് തിരുവചനത്തിൽ നിന്നും വായിച്ച തിനു ശേഷം ഒന്നാമത്തെ സങ്കീർത്തനത്തിൽ നിന്ന് പ്രസംഗിക്കാൻ തുടങ്ങി, "ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതേയും പാപികളുടെ വഴിയിൽ നില്കാതേയും, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതേയും." അത് ആരായിരുന്നുവെന്നു നിങ്ങൾക്ക് അറിയാമോ? ആ റോക്ക് ആൻഡ് റോൾകാ രൻ പയ്യൻ, ജിമ്മി ഓസ്ബോൺ റേഡിയോയിലൂടെ സുവിശേഷം പ്രസംഗി ക്കുകയായിരുന്നു.

77 ഓ, സഹോദരാ, നമുക്ക് എപ്പോഴെങ്കിലും ഒരു ദുരഭിമാനം ഉണ്ടായി ട്ടുണ്ടെങ്കിൽ! അത്തരത്തിലെ ഒരു മനുഷ്യന്, ജീവിക്കുന്ന ദൈവത്തിന്റെ വച നത്തെ എടുക്കുന്നതുമായി യാതൊന്നും ചെയ്യാനില്ല. നിങ്ങൾ ഈ മനു ഷ്യനെ റെൻഫ്റോ വാല്ലീ ബാൺ ഡാൻസ് (Renfro Valley Barn Dance), മുഴു രാത്രിയിലും പഴയ ആഘോഷവും, കൈയ്യടിക്കലുമായി പഴയ ആഘോഷ ങ്ങളിൽ നാം കാണുന്നു. അടുത്ത പ്രഭാതത്തിൽ, തന്റെ ശബ്ദത്തെ മാറ്റിയിട്ട് ഒരു ക്രിസ്ത്യാനിയെപ്പോലെ സംസാരിക്കുന്നു. എന്നാൽ, എന്തുകൊണ്ട്, അത് ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു അഴുക്കാടലും വൃത്തികെട്ടതുമാകുന്നു.

78 ന്യായവിധിയുടെ വടി, വീശുന്ന ഈ കൈകൾ, പുനരുദ്ധാനം ചെയ്ത ക്രിസ്തുവിന്റെ ശക്തിയാൽ തീർത്തും വിശുദ്ധമാക്കപ്പെട്ടതായിരിക്കണം. അദ്ദേഹത്തിന് ദൈവ വചനത്തെ കൈകാര്യം ചെയ്യുവാനായി ഏതൊരു തൊഴിലുമില്ല. അനേക പ്രാസംഗികന്മാർ ഈ എൽവിസ് പ്രസ്ലിയെ ന്യായീക രിക്കാനായി ശ്രമിക്കുന്നു, അത് ലോകത്ത് നൂതനമായ ഒരു യൂദാസ് ഇസ്കരി യോത്ത് അല്ലാതെ മറ്റൊന്നുമല്ല. യൂദാസ് ഇസ്കരിയോത്തിന് മുപ്പത് വെള്ളി ക്കാശ് കിട്ടി, എന്നാൽ എൽവിസ് പ്രസ്ലിക്ക് കാഡിലാക്സ് കപ്പൽ പടയിൽ

നിന്ന് ദശലക്ഷക്കണക്കിന് ഡോളറുകളെ കിട്ടി. എന്നാൽ, അവൻ വിറ്റു കളഞ്ഞു. അവൻ ഒരു പെന്തെക്കോസ്തു വിശ്വാസിയായിരുന്നു, പിശാചിനാൽ പ്രേരിതമാക്കപ്പെട്ടിട്ട്, തന്റെ ജന്മാവകാശത്തെ റോക്ക് ആൻഡ് റോളിനായി വിറ്റു കളഞ്ഞു. അതിന്റെ മേൽ ഇനി ഒരു കുത്തിന്റേയും ആവശ്യമില്ല. ഇല്ല സാർ. ഒരു നൂതനമായ യൂദാസ് ഇസ്കരിയോത്ത്.

79 അപ്പോൾ, അപ്പോൾ, ദൈവവേലക്കാർ പോലും അത്തരത്തിലെ ഒരു കാര്യം കെട്ടിപ്പെടുക്കാനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. എൽവിസ് പ്രസ്ലി പറയുന്നത്, “അതെ, എന്റെ എല്ലാ നന്മക്കായും ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു.” എങ്ങനെയാണ് ജീവനുള്ള ഒരു ദൈവം, പൈശാചികമായ കാര്യത്തെ, വൃത്തികെട്ട പിശാചിനെ എപ്പോഴെങ്കിലും സഫലമാക്കുന്നത്?

80 എൽവിസ് പ്രസ്ലിയെപ്പോലുള്ള ഒരു പയ്യൻ,തന്റെ പഴയ വൃത്തികെട്ട വൈകൃതപ്പെട്ട റോക്ക് ആൻഡ് റോളിനാലും അത്തരത്തിലെ അഴുക്കിനാലും, ദശലക്ഷക്കണക്കിനു ആത്മാക്കളെ നരഗത്തിലേക്ക് ഇട്ടുകളയുന്നത് തീർത്തും ഈ രാജ്യം നേരിടുന്ന ഏറ്റവും വലിയ ഒരു തടസ്സമാണ്. എനിക്ക് ഒരിക്കലും ഒരു ക്ഷമ ചോദിക്കാനുമില്ല. നിങ്ങൾക്ക് എന്നെ ദൈവത്തിന്റെ പ്രവാചകനായി വിശ്വസിക്കാൻ കഴിയുന്നുവെങ്കിൽ, ഓർക്കുക ഒരു മനുഷ്യ രൂപം പൂണ്ട പിശാചുണ്ട്. തീർച്ചയായും.

81 ജിമ്മി ഓസ്ബോണും അത്തരത്തിലുള്ളവർക്കും ദൈവവചനവുമായി ഏതൊന്നും ചെയ്യാനില്ല. ദൈവത്തിന്റെ നാമം വൃഥാവെടുത്തുകൊണ്ട്, ആഘോഷിക്കുകയും, പാടുകയും, റോക്ക് ആൻഡ് റോൾ അത്തരത്തിലെ വൃത്തികെട്ട കാര്യങ്ങൾ ചെയ്യുന്നവർ, ഏതെങ്കിലും പ്രസംഗവേദിയിലേക്ക് വന്നിട്ട് ദൈവ വചനത്തെ എടുക്കുവാനായി ശ്രമിക്കുവാനും പാടില്ല.

82 ആ വക കാര്യങ്ങൾ അത്തരത്തിലെ ആ സഭകളിൽ ഇന്നു നടക്കുന്നു, നിങ്ങൾ ചെറിയ ബൂഗീ–വൂഗീകളെ അവരുടെ സ്ഥലത്തുനിന്ന് കണ്ടുപിടിക്കുന്നു. അവിടെ പുറത്തു ആഘോഷിക്കുകയും, ഈ റോക്ക് ആൻഡ് റോൾ കളിക്കുകയും ചെയ്യുന്ന ഒരു ചെറിയ പെൺകുട്ടി, ഒരു രാത്രി; അവൾ പുൽപ്പിറ്റിലേക്ക് വന്നു, അടുത്ത രാത്രിയിൽ നിങ്ങൾ അവളെ ഒരു പ്രത്യേക പാട്ട് പാടാനായി ക്ഷണിക്കുന്നു. രാത്രി കാല ക്ലബ്ബുകളിലെ ഇത്തരത്തിലെ പഴയ ഗിത്താർ വായനക്കാരായ കുറച്ചു പയ്യന്മാരെ നിങ്ങൾ കൊണ്ടുവന്നിട്ട് , രണ്ടാഴ്ചക്കുള്ളിൽ പ്രസംഗിക്കുന്നതിനായി പുൽപ്പിറ്റിൽ നിർത്തുന്നു.

83 സഹോദരാ, ഞാൻ നിങ്ങളോട് പറയുന്നു, അവൻ ഇവിടെ ഒരിക്കലും ചെയ്യുകയില്ല. ഇല്ല, തീർച്ചയായും. താൻ ഒരു ദൈവ മനുഷ്യനാണെന്ന് കാണിക്കേണ്ടതിന് അവന് പഠിച്ച് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. നാം ഒരിക്കലും ഇത്തരത്തിലെ തലേ–രാത്രി ചാട്ടത്തെ വിശ്വസിക്കുന്നില്ല. അതാണ് ഇന്ന് സഭയുടെ അവസ്ഥ ഇപ്രകാരമായിരിക്കുന്നത്.

84 നമുക്ക് സത്യം ആവശ്യമായിരിക്കുന്നു. ഈ വചനം സത്യമാകുന്നു. അത് ശരിയാണ്. ന്യായവിധിയുടെ വടി വീശുന്ന കൈകൾ ശുദ്ധിയുള്ളതായിരിക്കണം. തീർത്തും.

85 മോശെയുടെ ന്യായവിധിയുടെ കൈ ശുദ്ധീകരിക്കപ്പെട്ടശേഷം, അതിൽ പിന്നെ വടി വെക്കപ്പെട്ടു. എന്നിട്ട് ആ വടി താഴേക്ക് പോയിട്ട് യിസ്രായേലിന്റെ മേൽ ന്യായവിധികൾ കൊണ്ടുവന്നു.

86 എന്നിട്ട്, വനാന്തരത്തിൽ, അത് മനോഹര താരതമ്യമായിരിക്കുന്നു. ഞാൻ നിർത്തേണ്ടിയിരിക്കുന്നു. ഈ മനോഹരമായ താരതമ്യം, അവിടെ പാറയുണ്ടായിരുന്നപ്പോൾ, "ആ പാറ ക്രിസ്തു ആയിരുന്നു."

87 ആ നശിച്ചുകൊണ്ടിരുന്ന ജനം മരിക്കുകയായിരുന്നു, വെള്ളത്തിനായി, അവർക്ക് അത് അർഹിച്ചിരുന്നു. അവർ മുറുമുറുത്തതിനാൽ അവർ മരണം അർഹിച്ചിരുന്നു. അവർ പരാതിപ്പെട്ടിരുന്നു. അവർ തുടക്കം മുതൽക്കേ വിശ്വാസികളല്ലായിരുന്നു. അവർ ബുദ്ധിപരമായ വിശ്വാസികളല്ലാതെ മറ്റൊന്നുമല്ലായിരുന്നു. അവർ. . . ആ–ആ അമാനുഷമായവൻ ചെയ്തു കഴിഞ്ഞിരുന്നു, സമ്മിശ്രജനം പുറത്തുവന്നു. അവർ അവരുടെ ഹൃദയത്തിൽ നിന്നും മാറ്റപ്പെട്ടിട്ടില്ലായിരുന്നു.

88 കൂട്ടത്തിൽ മൂന്നുപേരെ ഉണ്ടായിരുന്നുള്ളു, അതു നാം അറിയുന്നതുപോലെ; മോശെ, അഹരോൻ പിന്നെ കാലേബ്, മിര്യാം.

89 മോശെ ഒരു നീഗ്രോ പെൺകുട്ടിയെ വിവാഹം ചെയ്ത കാരണത്താൽ, മിര്യാം അവൾ ചിരിച്ചു അപ്പോൾ, അവളും അവളുടെ വിശ്വാസ വഞ്ചന കാണിച്ചു. അവിടെ നിനക്ക് വിവാഹം കഴിക്കേണ്ടതിന് മറ്റു സ്ത്രീകൾ, അങ്ങനെയുള്ളതെല്ലാം ആയിക്കൂടായിരുന്നോ? അവൻ അതു ചെയ്തില്ല." ദൈവത്തിന് അത് ഇഷ്ടപ്പെട്ടില്ല, അവളെ കുഷ്ഠം കൊണ്ട് ബാധിച്ചു.

90 അവന്റെ സ്വന്ത സഹോദരൻ ഇപ്രകാരം നിലവിളിച്ചു, "ആ അവസ്ഥയിൽ നീ നിന്റെ സഹോദരിയെ വിട്ടുകളയുവാൻ അനുവദിക്കുമോ?"

91 ദൈവം അവനോട് തന്റെ മുന്നിൽ വരുവാനായി പറഞ്ഞു. അവൻ പോയി മിര്യാമിനുവേണ്ടി അതിനായി മദ്ധ്യസ്ഥത ചെയ്തു. അതിനുശേഷം മിര്യം അധിക നാൾ ജീവിച്ചിരുന്നില്ല.

92 ഇല്ല, സഹോദരാ. ദൈവം ചെയ്തത് എന്തും കുറ്റമറ്റതായിരുന്നു. നാം നമ്മുടെ മനസ്സിനെ അതിലിട്ടിട്ട്, അതുമായി യാതൊരു സംഗതിയും ചെയ്യാനില്ല. അത് ഏത് വഴിയിലാണോ ആ വഴിയിൽ അതിനെ വിട്ടുകളയുക. ദൈവം അത് ചെയ്തിരിക്കുന്നു; ദൈവം അതു പറഞ്ഞിരിക്കുന്നു, അത് തീർത്തിരിക്കുന്നു. അങ്ങനെ അതിനെ എടുക്കുക. അത് എങ്ങനെയാണെന്ന്

എനിക്കറിയില്ല. . .എനിക്ക് അതിനെ വിശദീകരിക്കാൻ കഴിഞ്ഞാൽ, അത് പിന്നെ ദൈവത്തിന് സമമായിത്തീരും. എനിക്ക് അത് വിശദീകരിക്കാൻ കഴിയുകയില്ല. ഞാൻ അതിനെ അങ്ങനെ വിശ്വസിക്കുന്നു. അത്ര തന്നെ. അതു മാത്രമാണ് എന്നോട് ചെയ്യാൻ പറഞ്ഞിരിക്കുന്നത്. ആരേയും അത് വിവരിക്കാനായി പറഞ്ഞിട്ടില്ല, എന്തുകൊണ്ടെന്നാൽ അത് നമ്മുടെ ബുദ്ധിക്കപ്പുറമായ കാര്യമാകുന്നു; അത് നമ്മുടെ ബുദ്ധിക്കതീതമായതാകുന്നു. അത് ദൈവം ചെയ്തതാകുന്നു, അതുകൊണ്ട് അത് വിശദീകരിക്കാൻ കഴിയുകയില്ല. ഞാൻ അതിനെ, വിശ്വാസത്താൽ സ്വീകരിച്ചിട്ട് ഇങ്ങനെ പറയുന്നു, "ഇത് എന്റെ സ്വന്തമായ സ്വത്താകുന്നു, ഞാൻ അതിൽ വിശ്വസിക്കുന്നു." എനിക്ക് അത് വിവരിക്കാൻ കഴിയുകയില്ല.

93 എങ്ങനെയാണ് ഈ പാറ അവിടെ കിടന്നിരുന്നത്! ദൈവത്തിന് ഒരു പാറയുണ്ട്, അതിനകത്ത് മുഴുവനും വെള്ളം നിറച്ചിരിക്കുന്നു, ഒരു ചെറിയ പാറ, ഈ ഡെസ്കിനെക്കാൾ വലുതല്ലാത്തത്. എന്നാൽ മോശെ ഈ പാറയെ അടിച്ചപ്പോൾ, രണ്ടു ദശലക്ഷം ജനങ്ങൾക്കും, അതു മാത്രമല്ല, അവരോടൊപ്പം ഉണ്ടായിരുന്ന സകല ആടുമാടുകൾക്കുവേണ്ടിയും കുടിക്കേണ്ടതായി വെള്ളം അതിൽ നിന്നും പുറത്തു വന്നു.

94 ഓ, ഞാൻ ഈ കലാകാരന്മാരാൽ, ചിത്രീകരിച്ചിട്ടുള്ളത്, ഒരു അല്പ–അല്പമായി, തുള്ളി തുള്ളിയായി ഒരു പാറമേൽ നിന്നും വെള്ളം വരുന്നതും, അവിടെ ഒരു കുട്ടി തന്റെ കൈയ്യിൽ ഒരു ബക്കറ്റുമായി നിൽക്കുന്നതു ചിത്രം വരച്ചിരിക്കുന്നതു കാണുമ്പോൾ! ഓ, എന്നാൽ അത് അത്തരത്തിൽ ഒരിക്കലും ആയിരുന്നില്ല.

95 അത് സമൃദ്ധമായ പ്രവാഹമായി പ്രവഹിച്ചു പുറത്തു വന്നു. അവരുടെ കന്നുകാലികൾക്കു പുറമേ, രണ്ടു ദശലക്ഷം ജനങ്ങൾക്ക് വെള്ളം കൊടുത്തു. "ആ പാറ ക്രിസ്തുവായിരുന്നു." യോഹന്നാൻ 3:16–ന് മനോഹരമായ സമമാക്കിയിരിക്കുന്നു. "അവനിൽ വിശ്വസിക്കുന്നവൻ ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്നേ, തന്റെ ഏക ജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതിരിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

96 എന്നാൽ എന്തു സംഭവിച്ചു എന്നു ശ്രദ്ധിക്കുക. അവർക്ക് വെള്ളം കിട്ടേണ്ട ഏക മാർഗ്ഗമെന്നത്, ന്യായവിധിയുടെ വടികൊണ്ട് ആ പാറയെ അടിക്കുക എന്നുള്ളതായിരുന്നു. മോശെ ആ പാറയെ അടിച്ചപ്പോൾ, ദൈവത്തിന്റെ ന്യായവിധി ആ പാറമേൽ വന്നു. എന്നാൽ അതു ചെയ്തപ്പോൾ, അത് അതിൽ നിന്നും ഒരു രാജ്യത്തിന്റെ സമുദ്രാതിർത്തി നൽകി.

97 ആ ജനങ്ങൾ പരിപൂർണ്ണമായും. . . . ദൈവം നീതിമാൻ, അവരെ മരിക്കുവാൻ അനുവദിച്ചു എന്തുകൊണ്ടെന്നാൽ അവർ അവിശ്വസിച്ചു. അവർ ബഹുമാനിക്കപ്പെടുവാൻ യോഗ്യരല്ലായിരുന്നു. അവർ മറുതെളിക്കുന്നവരായിരുന്നു.

അവർ ജീവിക്കുവാൻ യോഗ്യരായിരുന്നില്ല. ഇങ്ങനെപോലും. . . മോശെ പോലും അവരെ "എതിരാളികൾ," ദൈവത്തിന് വിരുദ്ധർ, എന്നു വിളിച്ചു. അവർ മരിക്കാൻ യോഗ്യരായിരുന്നു.

98 നാം എല്ലാവരും മരണത്തിന് യോഗ്യരാകുന്നു, എന്തുകൊണ്ടെന്നാൽ നാം ദൈവത്തിന് വിരുദ്ധരായിരുന്നു. തിരഞ്ഞെടുപ്പ്. . . ശ്രദ്ധിക്കുക, നാം എല്ലാവരും മരണം അർഹിക്കുന്നു. എന്നാൽ, ദൈവം അത്രക്ക് ദയാവാനാ യിട്ട്! അവൻ നമ്മെക്കുറിച്ച് അങ്ങനെ ഒരിക്കലും ചിന്തിച്ചില്ല. എന്നാൽ, അവൻ അത്രക്കും ദയാവാനായിട്ട്, നമ്മുടെ ഓരോരുത്തരുടേയും പാപങ്ങൾ എടുത്ത്, നാം നശിച്ചുപോകാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിന്, അത് തന്റെ പ്രിയപുത്രനായ, ക്രിസ്തുവിന്റെ; മേൽ ഇട്ടു. എങ്ങനെ നാം ആ പാറ യിൽ നിന്നും വെള്ളം കുടിച്ചതിന് ശേഷം ഹൃദയത്തിൽ നേരല്ലാതിരിക്കും?

99 എന്നാൽ, സഹോദരാ, അവരിൽപ്പെട്ട ദശലക്ഷക്കണക്കിന് പേർ, ഈ രാവിലെ സമയം അതു ചെയ്തുകൊണ്ടിരിക്കുന്നു. അത് തീർത്തും ശരിയാ ണ്. അവർ ബാപ്റ്റിസ്റ്റാണെന്നോ അല്ലെങ്കിൽ അവർ മെഥോഡിസ്റ്റാണെന്നോ അല്ലെങ്കിൽ അവർ പെന്തെക്കോസ്താണെന്നോ എന്നതിൽ ആശ്രയിക്കുന്നു. അവർ അതിൽ ആശ്രയിക്കുന്നതിന്റെ കാരണം, അവർക്ക് ഒരു നല്ലതായ അനുഭവമുണ്ടാകുന്നു, എന്തെന്നാൽ അവർ അന്യഭാഷയിൽ സംസാരിച്ചു, എന്തെന്നാൽ അവർ അലറി വിളിച്ചു, എന്തെന്നാൽ അവർ നൃത്തം ചെയ്തു, എന്തെന്നാൽ അവർക്ക് രോഗികളെ സൗഖ്യമാക്കാൻ ഒരു യോഗം വെക്കാൻ കഴിഞ്ഞിട്ട് ദൈവം രോഗികളെ സൗഖ്യമാക്കി, അല്ലെങ്കിൽ അവർക്ക് എന്തിന് മേലെങ്കിലുംആശ്രയിക്കാൻ കഴിയുന്നവിധം വെളിപ്പാട് കിട്ടി (അത് ശരിയായി രുന്നു), എന്തുകൊണ്ടെന്നാൽ അവർ *അതു* ചെയ്തു. ആ വക കാര്യങ്ങ ളെല്ലാം ശരി തന്നെ, അതിന് ഏതൊന്നിനും ഞാൻ വിരോധിയല്ല, അതിൽ ഒന്നുപോലും, നിങ്ങൾക്ക് രക്ഷ കിട്ടിയിരിക്കുന്നു എന്നതിന് തെളിവല്ല. നിങ്ങ ളുടെ കൈകളിൽ നിന്ന് നിങ്ങൾക്ക് ഗാലൻ കണക്കിന് എണ്ണയോ അല്ലെങ്കിൽ മുഖത്തു നിന്ന് രക്തമോ ഒഴുക്കാൻ കഴിഞ്ഞേക്കാം, അപ്പോഴും അത് ഒന്നും അർത്ഥമാക്കുന്നില്ല. അത് ശരിയാണ്.

100 പൗലൊസ് പറഞ്ഞു, "ഞാൻ ദൂതന്മാരുടേയും, മനുഷ്യരുടേയും ഭാഷകളിൽ സംസാരിക്കാൻ കഴിഞ്ഞാലും, അപ്പോഴും ഞാൻ നഷ്ടപ്പെട്ടവനാ കുന്നു." എനിക്ക് അറിവും ജ്ഞാനവും ഉണ്ടായിട്ട് സത്യവേദ പുസ്തകത്തെ വിവരിക്കാൻ കഴിഞ്ഞെന്നിരിക്കിലും, അതു കാണപ്പെടുന്നതുപോലെ ഉണ്ടാ ക്കാമെങ്കിലും. . . .(സഹോദരൻ ബ്രൺഹാം പല പ്രാവശ്യം തന്റെ കൈ ഞൊടിക്കുന്നു) . . . പരസ്പരം ബന്ധിക്കാമെങ്കിലും. അപ്പോഴും അതിനു ഇതുമായി ഏതൊന്നും ചെയ്യാനില്ല.

101 സഹോദരാ, അവർ ഒരേ പാറയിൽ നിന്ന് കുടിച്ചു. "ആ പാറ ക്രിസ്തുവായിരുന്നു."

102 നിങ്ങൾ കുടിക്കുവാനായിട്ടുള്ള സാഹചര്യത്തിനായി, ആ ന്യായ വിധി ക്രിസ്തുവിന്റെ മേൽ വന്നു. നിങ്ങൾ വന്നു കുടിക്കേണ്ടതിന് അത് ദൈവത്തിന് നിങ്ങളോടുള്ള നന്മയാകുന്നു. ദൈവത്തിന്റെ നിങ്ങളോടുള്ള നന്മ, അവൻ നിങ്ങളെ, സ്നാനപ്പെടുവാൻ അനുവദിച്ചു. നിങ്ങളോടുള്ള ദൈവത്തിന്റെ നന്മ, നിങ്ങളെ നാഗരീകരാക്കി, നിങ്ങൾക്ക് ആരോഗ്യം നൽകി, ഈ രാവിലെ സമയം ഈ പള്ളിയിൽ ഇരുത്തുമാറാക്കി. ഇവ എല്ലാം ദൈവ ത്തിന്റെ നന്മയാകുന്നു. അതെല്ലാം ദൈവത്തിന്റെ നന്മകളാകുന്നു.

103 എന്നാൽ ദൈവത്തിന്, അവൻ നിങ്ങളോട് ചെയ്തതിന് പകരം എപ്പോൾ കൊടുക്കും? നിങ്ങൾ എല്ലാം സമർപ്പിക്കാൻ, സകല ചിന്തകളും, സകല പ്രവർത്തികളും, സകലതും അവനായി സമർപ്പിക്കാൻ തയ്യാറാണോ? അതാണ്–അതാണ് അവൻ നിങ്ങൾക്കായി ചെയ്തത്. നിങ്ങൾ അവനായി എന്തു ചെയ്യും?

104 ശ്രദ്ധിക്കുക, നമുക്ക് ഒരു ജോഡി വചനങ്ങളെക്കൂടി വായിക്കാം. പാസ്റ്റർ തന്റെ വചനത്തെ എടുക്കേണ്ടതിന്, ഞാൻ നിർത്താൻ പോകയാണ്. ഇപ്പോൾ നോക്കുക, "അതേ പാറ ക്രിസ്തുവായിരുന്നു." ഇപ്പോൾ അഞ്ചാ മത്തെ വാക്യം.

*എന്നാൽ അവരിൽ മിക്കപ്പേരിലും ദൈവം . . . . പ്രസാദിച്ചില്ല, . . .*

105 കാണുന്നുണ്ടോ? ദൈവം അവരെ സ്നാനപ്പെടുവാൻ അനുവദിച്ചു. അവൻ അവരെ വചനത്തെ ഭക്ഷിക്കുവാനും അതിനെ വിശ്വസിക്കുവാനും അനുവദിച്ചു. അവൻ അവരെ ആത്മീയ അനുഗ്രഹങ്ങൾ ലഭിക്കുവാൻ അനു വദിച്ചു. അവൻ അവരെ ആത്മീയ പാറയിൽ നിന്നും കുടിക്കുവാൻ അനു വദിച്ചു. അവന്റെ കൃപയാൽ, അതെല്ലാം ദൈവം ചെയ്തു, എന്നാൽ, അപ്പോ ഴും, ദൈവം അവരിൽ മിക്കപ്പേരിലും പ്രസാദിച്ചിട്ടില്ലായിരുന്നു. നോക്കു.

*. . . അവരെ മരുഭൂമിയിൽ തള്ളിയിട്ടുകളഞ്ഞു.*

106 ഈ എല്ലാ അനുഭവത്തിനു ശേഷവും, നമുക്കുള്ള എല്ലാ മഹത്തായ രോഗസൗഖ്യ ശുശ്രൂഷകൾക്കു ശേഷവും, നാം പ്രവർത്തിച്ചുകണ്ട ഈ എല്ലാ മഹത്തായ അത്ഭുതങ്ങൾക്കു ശേഷവും, നമുക്കുണ്ടായ മഹത്തായ ഈ എല്ലാ തോന്നലുകൾക്കുശേഷവും, അലറുകയും ദൈവത്തെ മഹത്വപ്പെടു ത്തുകയും, ആ പാറയിൽ നിന്ന് കുടിക്കുകയും, നാം ആനന്ദിച്ച എല്ലാ സന്ദേശ ങ്ങളും, എന്നിട്ടും തള്ളിയിട്ടുകളഞ്ഞു. എല്ലാം കഴിഞ്ഞിരിക്കുന്നു (സഹോ. ബ്രൺഹാം പുൽപ്പിറ്റിൽ ഒരു പ്രാവശ്യം തട്ടുന്നു) "അധർമ്മം പ്രവർത്തിക്കുന്ന വരേ, എന്നെ വിട്ടുപോകുവിൻ, എനിക്ക് നിങ്ങളെ അറിയുകപോലുമില്ല."

107 പരിശോധിക്കുക! നമുക്ക് ഒരു ഉണർവ്വ് വരാൻ പോകുന്നു. ഇത് പ്രയാസമാണെന്ന് എനിക്കറിയാം. എന്നാൽ, സഹോദരാ, ഏതെങ്കിലും ഒരു

പിതാവ് തന്റെ കുഞ്ഞുങ്ങളെ തിരുത്തുന്നില്ലെങ്കിൽ, ഒരു നല്ല പിതാവല്ല. അത് ശരിയാണ്. “തള്ളിക്കളഞ്ഞു.”

*ഇതു നമുക്ക് ദൃഷ്ടാന്തമായി സംഭവിച്ചു, . . .*

108 പൗലൊസ് സംസാരിക്കുന്നു. നിങ്ങൾ ഇതു വിശ്വസിക്കുന്നുണ്ടോ? (കൂട്ടായ്മ “ആമേൻ” എന്നു പറയുന്നു) ഇത് ഒരു ഉദാഹരണമായിരുന്നു. ശരി.

*. . . അവർ മോഹിച്ചതുപോലെ നാമും ദുർമ്മോഹികൾ ആകാതിരിക്കേണ്ടതിനു തന്നെ.*

109 ഒരു തമാശക്കാരൻ, ഇന്നേവരെയുണ്ടായിട്ടുള്ളതിൽ വെച്ചേറ്റവും വലിയ ചുറ്റലുകാരൻ, അഴുക്കായ റോക്ക് ആൻഡ് റോൾ കളിച്ചുകൊണ്ട് നടക്കുന്നവൻ, ഇപ്രകാരം പറയുന്നത് ഊഹിക്കാമോ? “എന്തോ സംഭവിച്ചു, എനിക്ക് എല്ലാം കുലുങ്ങിയതായി അനുഭവപ്പെട്ടു,” അത്തരത്തിലെ എല്ലാ മോശമായ പാട്ടുകളും മറ്റും പാടുന്ന എൽവിസ് പിസ്ലിയും മറ്റു പയ്യന്മാരും മടങ്ങിവന്ന് സുവിശേഷം പ്രസംഗിക്കുന്നതിനെ അനുകരിക്കുന്നുവോ? അതിനെക്കുറിച്ച് ചി ന്തിച്ചുനോക്കൂ! (സഹോ. ബ്രൺഹാം പത്തു പ്രാവശ്യം പുൽപ്പിറ്റിൽ തട്ടുന്നു.)

110 പുറത്തിരിക്കുന്ന ഒരു പുരുഷനോ സ്ത്രീയോ, അല്പം കാഴ്ചക്ക് വൃത്തികെട്ട, പകുതി വസ്ത്രങ്ങളും ധരിച്ചുംകൊണ്ട് പുരുഷന്മാരുടെ മുന്നിൽ തന്നെ പ്രദർശിപ്പിച്ചു കൊണ്ട്, പിൻ ഭാഗത്തായി കിടക്കുന്ന ഒരു സ്ത്രീ, കടന്നുവന്ന് ഈ ആത്മീയ പാറയിൽ നിന്ന് കുടിക്കുകയും ആർപ്പിടുകയും അതു തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുകയോ?

111 സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് പെന്തെക്കോസ്തുകാരുടെ ഇടയിൽ അനേക ഉപദേശങ്ങളുണ്ട്. അവർ വലിയ, വളയങ്ങൾ കാതുകളിൽ ധരിക്കുകയും എല്ലാത്തരത്തിലെ വിശേഷ വസ്ത്രങ്ങൽ ധരിക്കുകയും ചെയ്യുന്നു.

112 കുറച്ചു ദിവസങ്ങൾക്ക് മുമ്പ്, ഒരു ചെറിയ വണ്ടിയിൽ ഒരു ചെറുപ്പക്കാരനായ വ്യക്തി എന്റെ വീട്ടിന്റെ മുൻഭാഗത്തായി ഇരുന്ന്, അവന്റെ ഭാര്യ . . . പെന്തെക്കോസ്തുകാരിയായിരുന്നു, അന്യഭാഷയിൽ സംസാരിക്കുകയും, പ്രവചനം പറയുകയും ചെയ്യും എന്നു പറഞ്ഞുകൊണ്ട് ഇരുന്നു കരയുകയായിരുന്നു. തീർച്ചയായും. എന്നിട്ട് പറഞ്ഞു, “സഭയിൽ മുഴുവൻ പേരും ഇറക്കം കുറഞ്ഞ വസ്ത്രങ്ങൾ ധരിക്കുന്നു.” എന്നിട്ട് അവൻ . . . “അവൾ രാത്രി എട്ടും ഒമ്പതും മണിയാകുമ്പോൾ തെരുവിൽ പോയിട്ട് മറ്റുള്ളവർ എറിഞ്ഞുകളഞ്ഞ സിഗരറ്റിന്റെ കുറ്റികളെ പറക്കിയെടുത്ത് പുകവലിക്കുന്നു. അപ്പോഴും, ആർപ്പിടുകയും, ദൈവത്തെ സ്തുതിക്കുകയും പ്രവചനം നൽകുകയും ചെയ്യുന്നു.”

113 കഴിഞ്ഞ ദിവസം എനിക്ക് വളരെ ബഹുമാന്യനായ ഒരു വ്യക്തിയുടെ പള്ളിയിൽ ഞാൻ നിൽക്കുകയായിരുന്നു. അദ്ദേഹം അവരിൽപ്പെട്ട ഒരു മനുഷ്യന്റെ തലയിൽ നിന്നും രക്തം പുറത്തേക്ക് ഒഴുകിയിട്ട് അവന്റെ തലയിലൂടേയും മുഖത്തിലൂടേയും ഒഴുകുന്നു എന്നു പ്രദർശിപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നു. അത് ദൈവത്തിൽ നിന്നല്ലാതിരിക്കുന്നു. സത്യവേദ പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ അത് തെറ്റാണെന്ന് കാണിക്കേണ്ടതിന് എനിക്ക് തലങ്ങും വിലങ്ങുമായി കർക്കശമാകേണ്ടി വന്നു.

114 ക്രിസ്തുവിന്റെ ശരീരത്തിൽ നിന്നും വരുന്ന രക്തം ശാരീരികമായ രക്തമാണെന്നുവരുകിൽ, അവന്റെ ജഡിക ശരീരം ഇവിടെയാണ്, അങ്ങനെയെങ്കിൽ അവന്റെ രണ്ടാം വരവ് കഴിഞ്ഞിരിക്കുന്നു. യേശു പറഞ്ഞു, "അത് വിശ്വസിക്കരുത്, അവൻ ഇപ്രകാരം പറയുമ്പോൾ, 'അതാ അവൻ മരുഭൂമിയിലാണ്.' അത് വിശ്വസിക്കരുത്, 'അവൻ ഇവിടെയാണ്' എന്നു പറയുമ്പോൾ. അത് വിശ്വസി ക്കരുത്. എന്തുകൊണ്ടെന്നാൽ "കള്ള ക്രിസ്തുക്കളും, കള്ള പ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരെ തെറ്റിപ്പാൻ തക്ക വണ്ണം വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും." ഞാൻ അത് കിഴക്കു മുതൽ പടിഞ്ഞാറുവരെ വിളിച്ചറിയിച്ചിരിക്കുന്നു.

115 അവസാനമായി പടിഞ്ഞാറേത്തീരത്തുള്ള വൃദ്ധനായ ഡോക്ടർ. കാനഡാ എഴുന്നേറ്റു, അദ്ദേഹം എന്റെ ഒരു അടുത്ത സുഹൃത്താണ്. അപ്പോൾ മറ്റൊരു മനുഷ്യൻ, ഈ ചിത്രങ്ങൽ നിർമ്മിച്ചതിലെ ഒരു മാനേജരായിരുന്നു, കടന്നുവന്നിട്ട്, ഒരു വലിയ മഹത്തായ . . . "ശുദ്ധമായ എണ്ണയും വിശുദ്ധ രക്തവും. നമ്മുടെ രക്തം ഇന്ന് പ്രദർശിപ്പിക്കാൻ പോകുകയാണ്." അപ്പോൾ അവർ ആ സ്ഥലത്ത് വന്നു നിറഞ്ഞു. അത് അദ്ദേഹത്തിന്റെ ബെൽറ്റിന്റെ കീഴിലായി രണ്ടു സൂചികൾ എങ്ങനെ തറച്ചിരുന്നു എന്നു കാണിച്ചു തന്നു.

116 നമുക്ക് എല്ലാവർക്കും അറിയാം നിങ്ങൾക്ക് നിങ്ങളുടെ വിരലിൽ കുത്തിയതിനുശേഷം നിങ്ങൾ ഞെക്കാതേയോ, ഞെരിക്കാതേയോ ഇരുന്നാൽ രക്തപ്രവാഹം ഉണ്ടാകുകയില്ല. നിങ്ങൾ മുനകൊണ്ട് ഒരു ദ്വാരം അതിൽ ഉണ്ടാക്കുന്നു അതു ചെയ്യുകയില്ല, എന്തുകൊണ്ടെന്നാൽ ഞരമ്പുകൾ അതിൽ നിന്നും ദൂരയായിരിക്കുന്നു. അവൻ അതു കാണിച്ചപ്പോൾ, അവൻ എങ്ങനെ ചെയ്തുവെന്നു കാണിച്ചു തന്നു.

117 അവന് തന്റെ പുറകിലായി *ഇവിടെ* എണ്ണയുണ്ട്, കൈകൾ അതിന്മേൽ ഇട്ടു. അതിനുശേഷം അവൻ കടന്നു വന്നു തന്റെ കൈകളെ കാണിച്ചിട്ട്, "നോക്കൂ എന്റെ കൈകൾ തീർത്തും സാധാരണമായിരിക്കുന്നു." പിന്നെ അവൻ "ദൈവത്തിന് മഹത്വം! ഹല്ലേലൂയാ!" എന്നു പറഞ്ഞിട്ട് അവൻ തന്റെ കൈകളെ താഴ്ത്തി ഇത്തരത്തിൽ ഞെക്കി. തീർച്ച, അവന്റെ വിരലുകളിൽ നിന്ന് സമ്മർദ്ദത്താൽ രക്തം പുറത്തുവന്നു. എല്ലാവരും ആർപ്പിടുന്നതിനിടയിൽ, അവൻ തന്റെ തലയെ മൃദുവായി തടവിയപ്പോൾ, അവിടെ ഒരു കുരിശ്

ഉണ്ടായിരിക്കുന്നു. ആ കാര്യങ്ങളെ ചെയ്ത അതേ മനുഷ്യൻ, അതു ചെയ്തയാൾ, അവിടെത്തന്നെയായിരുന്നു, കാണികളുടെ മുമ്പാകെ തന്റെ സ്ഥലത്തേക്ക് പോയി എണ്ണയും അത്തരത്തിലെ അഴുക്കുകളും ഉള്ളതായി തുറന്നു കാണിച്ചു തന്നു.

118 ഒരുവൻ ഒരു ഹൃദയത്തെ ചുമരിൽ പിടിപ്പിച്ചിട്ട് പറഞ്ഞു, "ഈ ചുമര് യേശു ക്രിസ്തുവിന്റെ രക്തത്തെയാണ് ശ്വസിക്കുന്നത്. അത് യേശുക്രിസ്തുവിന്റെ ഹൃദയമാകുന്നു." ഒരു വൃദ്ധനായ ടെക്സാൻകാരൻ അവിടേക്ക് വന്ന്, അത് ഒരു പവിത്രമായിരിക്കണമായിരുന്നു. എന്നിട്ട് പറഞ്ഞു, "ആരെങ്കിലും അതിന്മേൽ തൊട്ടാൽ, അവർ മരിക്കും." അവർക്ക് കയറുകളുണ്ടായിരുന്നു. അവിടെ ആ ചുമർ ശ്വസിക്കുന്നതിന്റേയും, ഹൃദയത്തിൽ നിന്നും രക്തം പുറത്തുവരുന്നതിന്റേയും മറ്റും ചിത്രങ്ങൾ സകല സ്ഥലത്തും ഉണ്ടായിരുന്നു. എന്നിട്ട് ഈ വ്യക്തി തന്റെ ഭാര്യയുമായി അകത്തു വന്നിട്ട്, ചുമരിൽ നിന്ന് ആ ചിത്രത്തെ മായിച്ചുകളഞ്ഞിട്ട്, അവിടെ പുറകിൽ പോയി കാത്തിരുന്നു. അവർ അകത്തു വന്നു. ആ പാസ്റ്റർ പറഞ്ഞു, "അതെ, നിങ്ങൾക്ക് അറിയാമോ, യേശു ഇവിടെ ഉണ്ടായിരിക്കുന്നു, അതിനെ എടുത്തു കളഞ്ഞിരിക്കുന്നു."

119 അവൻ പറഞ്ഞു, "യേശുവിന് അതുമായി ഏതൊന്നും ചെയ്യാനില്ല. ഞാൻ തന്നെ അതു ചെയ്തു." അത് ശരിയാണ്.

120 എന്താണ് സംഭവിച്ചത്? ജീവിക്കുന്ന ദൈവത്തിന്റ വചനത്തിൽ ജനങ്ങൾ സ്ഥിരതയില്ലാത്തതിനാലാകുന്നു. സത്യവേദ പുസ്തകം ഇപ്രകാരം പറയുന്നു, "അവർ കിഴക്കുനിന്നും, പടിഞ്ഞാറു നിന്നും, വടക്കു നിന്നും, തെക്കു നിന്നും വരും. അവിടെ ഒരു ക്ഷാമവുമുണ്ടായിരിക്കും, വെള്ളത്തിനും അപ്പത്തിനുമല്ല, എന്നാൽ ദൈവ വചനം കേൾക്കുന്നതിനായിട്ട്?" നാം ജീവിക്കുന്നത് ഏതു കാലത്തിലാണെന്ന് നോക്കുക!

121 ഈ മഹത്തായ സഭാസംഘടനകൾ എല്ലാം, ഒരു ഉടമ്പടിയിൻ കീഴിൽ ഒരുമിക്കുന്നത് കാണുന്നു, ഇതെല്ലാം നിങ്ങൾക്ക് ഒരു റേഡിയോ ഉണ്ടാകുന്നതിന് മുമ്പായിത്തന്നെ ഈ ഉടമ്പടിയുടെ കീഴിൽ കൂടിവരുന്ന സഭകൾക്ക് ഒരു സ്ഥാനമുണ്ട്. നിങ്ങൾ റേഡിയോയിൽ നിന്ന് പോയിരിക്കുന്നു. കുട്ടി, നീ അതിനെക്കുറിച്ച് ദുഃഖിക്കേണ്ട. മറ്റു ടെലിവിഷൻ പരിപാടി കാണുന്നവരും കൂടെ ത്തന്നെ. നിങ്ങൾ അത് ചെയ്യുന്നതിനു മുമ്പായി നിങ്ങൾ ഈ ഉടമ്പടിക്കീഴിൽ വരുന്ന സഭകളിൽത്തന്നെയാകുന്നു. നിങ്ങൾ അത് ചെയ്യുമ്പോൾ മറ്റൊന്നുമല്ല ചെയ്യുന്നത്, സത്യവേദ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള മൃഗത്തിന്റെ മുദ്ര തന്നെ. അവിടെയാണ് നിങ്ങൾ. അവയെല്ലാം കൂടി എങ്ങനെയാണ് ഒരുമിച്ച് ഉടമ്പടി ചെയ്തിരിക്കുന്നത് എന്നു കാണുന്നുണ്ടോ?

122 ഓ, ഒരു ജീവിക്കുന്ന സത്യ ദൈവമുള്ളതിനാൽ, ദൈവത്തിന് നന്ദി. ഒരു യഥാർത്ഥമായ സത്യ ദൈവമുണ്ട്. ഒരു യഥാർത്ഥമായ സത്യ വചനമുണ്ട്.

ഒരുയഥാർത്ഥ സത്യ രോഗസൗഖ്യമുണ്ട്. ഈ എല്ലാ കാര്യങ്ങളും സത്യമായിട്ടുണ്ട്. എന്നാൽ, സഹോദരാ, നിങ്ങളുടെ വിശ്വാസം ഏതെങ്കിലും ഒരു ചെറിയ തോന്നലിന്റെ അടിസ്ഥാനത്തിലോ, ഒരു സഭയുടെ നിർദ്ദേശത്തിലോ, തിരുവത്താഴം എടുക്കുന്നതിലോ, ആത്മീയ പാറയിൽ നിന്നും തിന്നുന്നതിനോ വെക്കരുത്.

123 നിങ്ങൾ പറയും, "എനിക്ക് *ഇത്* അറിയാം. ഞാൻ ദൈവത്തെ രുചിച്ചറിഞ്ഞു." അത് തീർത്തും ശരിയായിരിക്കാം. എന്നാൽ ഏതു തരത്തിലെ സ്ഥലത്തിലാണ് അത് വീണത്? അതാണ് അടുത്ത കാര്യം. ഏതു തരത്തിലെ ബക്കറ്റിലേക്കാണ് അത് വരുന്നത്? "നീതിയിലോ അനീതിയിലോ." ഇപ്പോൾ കേൾക്കുക.

*ഇതു നമുക്ക് . . . ദൃഷ്ടാന്തമായി സംഭവിച്ചു; അവർ മോഹിച്ചതുപോലെ നാമും ദുർമ്മോഹികൾ ആകാതിരിക്കേണ്ടതിന് തന്നെ.*

124 അവരുടെ ദുർമോഹം എന്തായിരുന്നു? ഇപ്പോൾ, കേൾക്കുക, നിങ്ങൾ എന്നോട് ക്ഷമിക്കുമെങ്കിൽ, ഞാൻ അല്പം കൂടെ മുന്നോട്ട് പോകുമ്പോൾ കിട്ടും.

*നിങ്ങൾ വിഗ്രഹാരാധികളാകരുത്, . . .*

125 ഓ, നിങ്ങൾ പറയും, "ഞാൻ ഒരു വിഗ്രഹാരാധിയല്ല, ഞാൻ ദൈവത്തിന് നന്ദി പറയുന്നു." ഒരു നിമിഷം നിൽക്കണേ. നമുക്ക് അത് വചനം മുഖാന്തരം പരിശോധിക്കാം. നിങ്ങൾ പറയും,"ഞാൻ ഒരു വിഗ്രഹത്തെ ആരാധിക്കുന്നില്ല." അതിന്റെ ആകെക്കൂടിയുള്ള അർത്ഥം നിങ്ങൾ ഒരു വിഗ്രഹത്തെ ആരാധിക്കുന്നു എന്നല്ല. നിങ്ങൾ, ഒന്നും ചെയ്യാതിരിക്കുമ്പോൾ, നിങ്ങൾ അലസരായിരിക്കേണ്ടിവരുന്നു. പള്ളിയിൽ പോകുന്നു, "ഹാ, അത് മാത്രം മതി." വീട്ടിലേക്ക് മടങ്ങിപ്പോയിട്ട്, അതിനെക്കുറിച്ച് യാതൊന്നും ചെയ്യാതിരിക്കുന്നു.

126 സഹോദരാ, ഒരു യഥാർത്ഥ വീണ്ടും ജനിക്കപ്പെട്ട പുരുഷനോ സ്ത്രീക്കോ മിണ്ടാതിരിക്കാൻ കഴിയുകയില്ല. അവരിൽ എന്തോ ഒന്നു ഉണ്ട്. അവർക്ക് സാക്ഷീകരിക്കേണ്ടിയിരിക്കുന്നു. അവർക്ക് എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു. അവർ എന്തെങ്കിലും ചെയ്യേണ്ടതിനായി ബന്ധിക്കപ്പെട്ടിരിക്കുന്നു. അവർക്ക് അവരുടെ സമാധാനത്തെ പിടിച്ചുകൊണ്ടിരിക്കാൻ കഴിയുകയില്ല. ശ്രദ്ധിക്കുക.

*"ജനം തിന്നുവാനും കുടിപ്പാനും ഇരുന്നു, കളിപ്പാൻ എഴുന്നേറ്റു" എന്നു എഴുതിയിരിക്കുന്ന പ്രകാരം അവരെ ചിലരെപ്പോലെ നിങ്ങൾ വിഗ്രഹാരാധികൾ ആകരുതു.*

127 പൗലൊസ് എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നത്? ഉദാഹരണങ്ങൾ. അവർ സഭയിലേക്ക് സ്നാനപ്പെട്ടു. അവർക്കു തീർത്തും ഒരു ശരിയായ സ്നാനം എടുത്തിരുന്നു. ഒരിക്കൽ; മൂന്ന് പ്രാവശ്യം മുന്നോട്ട്; പിന്നോട്ട്; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ; യേശു മാത്രം; അത് എന്തു തന്നെ ആയിരുന്നാലും. അവർക്ക് ഒരു ശരിയായ സ്നാനം ഉണ്ടായിരുന്നു. അവർ ശരിയായി സ്നാനപ്പെട്ടു. നാം കലഹിക്കുകയും വഴക്കിടുകയും, അത്തരത്തിലെ ചെറിയ കാര്യങ്ങൾക്കായി തമ്മിൽ വാദപ്രതിവാതം ചെയ്യുകയും ചെയ്യുന്നു. എന്തു നിന്ദയാണ് ആ കാര്യം ചെയ്തത്? നിങ്ങൾ യഥാർത്ഥ ആദർശത്തിൽ നിന്ന് വഴുതിപ്പോകുന്നു. നമ്മുടെ പള്ളികൾ സ്നാനത്തിന്റെ കാര്യത്തിൽ വിഭാഗിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും.

128 എന്നിട്ട് നിങ്ങൾ പറയും, "ഓ, ഹല്ലേലൂയാ! നമുക്ക് ലഭിച്ചിരിക്കുന്ന ആത്മീയ അനുഗ്രഹങ്ങൾ അവർക്കു ലഭിച്ചിട്ടില്ല. അവർ വളരെ തണുത്തും, ചടങ്ങു മാത്രവുമായിരിക്കുന്നു. ദൈവത്തിന് മഹത്വം, ഞാൻ ദൈവത്തിന്റെ യഥാർത്ഥ മന്ന ഭക്ഷിച്ചു. അത് സത്യമെന്ന് ഞാൻ അറിയുന്നു." അത് തീർത്തും ശരിയാണ്, എന്നാൽ അത് എന്തു മാറ്റത്തെയാണ് ചെയ്യുന്നത്? നിങ്ങൾ പറയും, "സഹോദരാ, ഞാൻ . . . ആ പരിശുദ്ധാത്മാവ് യഥാർത്ഥമായി ഞങ്ങളുടെ സഭയിൽ പതിച്ചു." അതു നല്ലത്, നിങ്ങൾ അതിനെ നിറക്കേണ്ടതായ ശരിയായ പാത്രമല്ലെങ്കിൽ,അത് നിങ്ങളിൽ എന്തു മാറ്റത്തെയാണ് വരുത്തിയത്? ഓർക്കുക,

129 ഓ, നിങ്ങൾ പറയും, "ഞാൻ സത്യസന്ധനാകുന്നു." അവർ അങ്ങനെ ആയിരുന്നു. അവർ തങ്ങളുടെ വീടുകളെ വിട്ടു പുറത്തു വന്നു, അവർ കൊല്ലപ്പെടാനായി തങ്ങളുടെ കഴുത്തു കാണിച്ചു. നാം എന്താണോ ചെയ്യേണ്ടത് അതിൽ കൂടുതലായി അവർ ചെയ്തു. അതു ഇതുമായി ഒരു കാര്യവും ചെയ്യാനില്ല. അല്പം ചിന്തിക്കൂ.

130 സത്യവേദ പുസ്തകം പറയുന്നു, "അവർ എന്നെ വ്യർത്ഥമായി ഭജിക്കുന്നു. അവർ എന്നെ വ്യർത്ഥമായി ഭജിക്കുന്നു. എവിടെയാണ് അത് ആദ്യമായി തുടങ്ങിയത്? ഏദേൻ തോട്ടത്തിൽ, കായീൻ. ഹാബേൽ ആരാധിച്ചതുപോലെ അവൻ ദൈവത്തെ ആരാധിച്ചു, എന്നാൽ വ്യർത്ഥമായി അവൻ അതു ചെയ്തു. അതെ, സാർ. മനുഷ്യന് ഒരു വഴി ചെവ്വായി തോന്നുന്നു."

131 നിങ്ങൾ പറയും, "അതെ, എന്തുകൊണ്ട് ഇത് ഇങ്ങനെ? ഇപ്പോൾ ഞാൻ മാനസാന്തരപ്പെട്ടു. എന്താ ഞാൻ മുഴുവനായും ശരിയല്ലേ? ഞാൻ മാനസാന്തരപ്പെട്ടു. ഞാൻ ചിന്തിക്കുന്നത് ഞാൻ മറ്റാരെപ്പോലെയും ശരിയാണെന്നാണ്. ഞാൻ പള്ളിയിൽ പോകുന്നു. ഞാൻ സ്നാനപ്പെട്ടുകഴിഞ്ഞു. എനിക്ക് ദൈവത്തിന്റെ അനുഗ്രഹങ്ങളെ കിട്ടി. ഞാൻ ഒരു നല്ല സന്ദേശത്തെ ഇഷ്ടപ്പെടുന്നു. ഞാൻ ദൈവത്തിന്റെ വചനത്തെ സ്നേഹിക്കുന്നു. ഞാൻ

അത് വായിക്കാൻ ഇഷ്ടപ്പെടുന്നു. എനിക്കും ആത്മീയ അനുഗ്രഹങ്ങൾ കിട്ടിയിരിക്കുന്നു. ഹല്ലേലൂയാ, എനിക്ക് പ്രവചിക്കാൻ കഴിയും. എനിക്ക് അന്യഭാഷയിൽ സംസാരിക്കാൻ കഴിയും. എനിക്ക് ഇതെല്ലാം ചെയ്യാൻ കഴിയും, നിങ്ങൾ ഇതെല്ലാം വ്യർത്ഥമായി ചെയ്യുന്നു എന്നാണോ അർത്ഥമാക്കുന്നത്?"

132 ഇപ്പോൾ, ഇതെല്ലാം വ്യർത്ഥമാണെന്ന് ഞാൻ പറയുന്നില്ല, എന്നാൽ ഇതെല്ലാം വ്യർത്ഥമാകാനുള്ള സാദ്ധ്യതയുണ്ട്. ഇത് നിങ്ങൾ അവിടെ, എന്തായിരിക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു, അത് ശരിയാണ്, ഇത് മുഖാന്തരം നിങ്ങൾ എന്താണ് സ്വീകരിക്കുന്നത്. നിങ്ങൾ വീണ്ടും ജനിക്കപ്പെട്ടിട്ടില്ലെങ്കിൽ, യഥാർത്ഥമായി നിങ്ങളുടെ ഉള്ളിൽ ഇല്ലെന്നുവരുകിൽ, അപ്പോൾ ഇത് വ്യർത്ഥമാകുന്നു. എല്ലാ അനുഗ്രഹങ്ങളും, എനിക്ക് അത് ചെയ്യേണ്ടതില്ല, ഇപ്പോൾ, ഒന്നു കൂടെ.

*അവരിൽ ചിലർ പരസംഗം ചെയ്തു ഒരു ദിവസത്തിൽ ഇരുപത്തുമൂവായിരംപേർ വീണുപോയതുപോലെ നാം പരസംഗം ചെയ്യരുത്.*

133 "പരസംഗം ചെയ്തു," അത്മീയ പരസംഗം, നമുക്ക് സമയമുണ്ടായിരുന്നെങ്കിൽ. . ഞായറാഴ്ച വേദപാഠശാല ക്ലാസ് കഴിഞ്ഞിരിക്കുന്നു. ആത്മീയ പരസംഗം!

*അവരിൽ ചിലർ പരീക്ഷിച്ചു സർപ്പങ്ങളാൽ നശിച്ചുപോയതുപോലെ നാം കർത്താവിനെ പരീക്ഷിക്കരുതു.*
*അവരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചുപോയതുപോലെ നിങ്ങൾ പിറുപിറുക്കുകയുമരുത്.*

134 മുറുമുറുക്കുക, ആഗ്രഹിക്കുക, ലോകത്തെ നിങ്ങളുടെ മതവുമായി കലർത്തിയിട്ട്, പുറത്തു പോകുന്നു. . . ദൈവം വിശുദ്ധിയെ ഇഷ്ടപ്പെടുന്നു, യഥാർത്ഥ വിശുദ്ധി.

135 ഞാൻ ഇന്നു രാവിലെ സംസാരിക്കുകയായിരുന്നു. ഞാൻ ചിന്തിച്ചു, "എന്ത്. . . " ഇപ്പോൾ അവസാനിപ്പിക്കുമ്പോൾ, ഞാൻ ഇത് ചിന്തിക്കുന്നു. "ഒരു മനുഷ്യന്റെ ജീവിതത്തിൽ ഇതിനെക്കാൾ മാധുര്യമേറിയ എന്തുണ്ട്? ഇതിനെക്കാൾ മാധുര്യമേറിയ എന്തുണ്ട്, മുഴുവൻ ദിവസവും ജോലി ചെയ്തതിനുശേഷം, അവന്റെ കൈയ്യിൽ ബക്കറ്റുമായോ, അല്ലെങ്കിൽ ഉഴുതിട്ടോ, അല്ലെങ്കിൽ അവൻ എന്തും ചെയ്തിട്ടാകട്ടെ വീട്ടിലേക്ക് വരുമ്പോൾ ഒരു സ്നേഹവതിയായ ഭാര്യ അവനെ കതകിനരുകിൽത്തന്നെ കണ്ടിട്ട്, അവന്റെ മടിയിൽ ഒരു നിമിഷമിരുന്നുകൊണ്ട്, തന്റെ കൈകൊണ്ട് അവന്റെ മുടിയിൽ തലോടിക്കൊണ്ട്, കൈകളാൽ ചുറ്റിപ്പിടിച്ച്, കവിളിൽ ഒരു മുത്തം കൊടുത്തുകൊണ്ട് ഇപ്രകാരം പറയും, "നീ വളരെ ക്ഷീണിച്ചിരിക്കുന്നു എന്ന് എനിക്കറിയാം, നീ വളരെ പണിയെടുത്തിരിക്കുന്നു." അവന് ആശ്വാസത്തെ കൊടുക്കുന്നു.

136 അവന് ആ–ആ കൈകൾ, അവന് ചുറ്റുമായിരിക്കുന്നത്, തീർത്തും അവന്റേതാകുന്നു. ഇത് അവന്റേതാകുന്നു. അത് ഒരിക്കലും മറ്റു മനുഷ്യന്റേയോ, ആശകൾക്ക് ചുറ്റുമായിരുന്നില്ല. അവന്റെ കവിളുകളിൽ ഇട്ട മുത്തം യഥാർത്ഥവും, ശുദ്ധവും, പരിശുദ്ധവുമായ ഹൃദയത്തിൽ നിന്ന് അവനെ മാത്രം സ്നേഹിക്കുന്നു, അവനെ മാത്രം സ്നേഹിക്കുന്നുവെന്നുള്ളതാകുന്നു. അത് നിങ്ങൾക്ക് എങ്ങനെയായിരിക്കും. . . അത് നിങ്ങളുടെ നെഞ്ചിനെ പുറത്തോട്ടാക്കിയിട്ട്, “ഞാൻ അത്രയ്ക്ക് ഒന്നും ക്ഷീണിച്ചിട്ടില്ല,” എന്നു നിങ്ങൾ പറയും എന്നെനിക്കറിയാം. അതാകുന്നു അത്. അത് നിങ്ങളിലേക്ക് എന്തെങ്കിലും ചിലത് ചെയ്യും.

137 ഞാൻ നിങ്ങളോട് ചില കാര്യങ്ങൾ പറയാനാശിക്കുന്നു. എന്നാൽ ആ മുത്തം അവന്റെ കവിളിൽ വെച്ചതിന് ശേഷം അവന് വിശ്വാസമില്ലാതിരിക്കുന്നുവോ? ചിലപ്പോൾ അത് മറ്റ് ഏതെങ്കിലും മനുഷ്യന്റെ കവിളിലായിരിക്കാം. അവനെ ചുറ്റിയിരുന്ന ആ കൈകൾ എല്ലാവരേയും ചുറ്റിപ്പിടിച്ചിട്ട്, അതേ കാര്യം തന്നെ ചെയ്യുവാൻ ആശിക്കുന്നുണ്ടോ? അത് വളരെ അർത്ഥമാക്കുകയില്ല. അവിടെ കൂടുതലായി യാതൊന്നും തന്നെ ഇല്ല. എന്ത്?

138 ഇപ്പോൾ, ആദിയിൽ, അവർ ഒന്നായിരുന്നു. ദൈവം, അവൻ മനുഷ്യനെ ഉണ്ടാക്കിയപ്പോൾ, അവൻ അവനെ ഒരു ഇരട്ട മനുഷ്യനായി**,** പുരുഷനും സ്ത്രീയുമടങ്ങിയതായി ഉണ്ടാക്കി, ***അവൻ*** അവനെ ശരീരത്തിൽ വേർതിരിച്ച്; അവനെ ഈ ഭൂമിയിൽ, ശരീരത്തിൽ വെച്ചു, സ്ത്രീഭാഗം അപ്പോഴും ആത്മാവിലായിരുന്നു.

139 നോക്കൂ, സ്നേഹിതാ, ദൈവം അത്ര ശ്രദ്ധയുള്ളവനായിരുന്നു. ഓ, ഇത് എങ്ങനെ. . . ഇത് നിങ്ങൾ വിട്ടുകളയരുത്. ദൈവം ഒരിക്കലും ഒരു പിടി മണ്ണെടുത്തിട്ട് ഹൗവ്വയെ ഉണ്ടാക്കിയില്ല; അവൾ ഒരു വ്യത്യസ്ഥ സൃഷ്ടിയായിരിക്കണമായിരുന്നു. എന്നാൽ അവൾ ഒരു സൃഷ്ടിയല്ല. അവൾ ഒരു ഉപസൃഷ്ടിയാകുന്നു. ദൈവം ആദാമിന്റെ ഹൃദയത്തിലേക്ക് പോയിട്ട്, അവന്റെ ഹൃദയത്തിന്റെ അടിയിൽ നിന്ന് തന്നെ ഒരു വാരിയെല്ല് എടുത്തിട്ട്, ഒരു ഭാര്യയെ ഉണ്ടാക്കി. ആദാമിലുണ്ടായിരുന്ന അതേ ആത്മാവ് തന്നെ സ്ത്രീയിലുമുണ്ടായിരുന്നു, അവർ രണ്ടുപേരും ഒന്നാകുന്നു; പ്രാണൻ, ശരീരം, ആത്മാവ്, അവർ ഒന്നാകുന്നു. അവർ പരിപൂർണ്ണമായി ഏകത്വമായിരുന്നു. ഒരു യഥാർത്ഥ സ്ത്രീയും. . . ഒരു യഥാർത്ഥ ഭർത്താവും, ഒരു യഥാർത്ഥ ഭാര്യ, അവർ ഒരുമിച്ച്, ഒന്നാകുന്നു.

140. അത് എന്തിന്റെ സദൃശ്യമായിരിക്കുന്നു? ക്രിസ്തു, അവന്റെ മാറിന്റെ അടിയിൽ നിന്ന്! ഒരു ഉപസൃഷ്ടിയല്ല, ഒരു മെഥോഡിസ്റ്റിനെയല്ല, അല്ലെങ്കിൽ ഒരു ബാപ്റ്റിസ്റ്റിനെയല്ല, അല്ലെങ്കിൽ ഒരു പെന്തെക്കോസ്തിനെയല്ല, ഒട്ടിച്ചേർക്കലല്ല. അല്ല, സാർ, എന്നാൽ അവന്റെ സ്വന്ത ഹൃദയത്തിൽ നിന്ന്, അവൾ അത്ര കൂറുള്ളവളും, വിശുദ്ധിനിറഞ്ഞതുമായ, ഒരു പ്രേമവതിയെ, അവൻ പുറത്തെടുത്തു. അവൾ (lily) ഒരുതരം വെളുത്ത ജലപുഷ്പം

പോലെ കൂറുള്ളവളായിരുന്നു. അതിൽ നോക്കുക. . .

141 ശലോമോൻ പറഞ്ഞതിലേക്ക് തിരിഞ്ഞ് നോക്കുക "എന്റെ കാന്തേ വരൂ, നമുക്ക് മാതളനാരകത്തിനടുത്തുകൂടെ നടക്കാം. അവിടെ വെച്ചു ഞാൻ എന്റെ പ്രേമം തരും." ഒരു യഥാർത്ഥ വിശ്വാസി മുഴുഹൃദയത്തോടെ തന്റെ കൈകളെ തുറക്കുമ്പോൾ, അവൻ ക്രിസ്തുവിനെ പിടിച്ചുകൊള്ളുന്നു, ആ ക്രിസ്തുവിന്റെ പ്രേമികയുടെ ഫലപ്രാപ്തി, അവന്റെ മാറിലേക്ക് പോകുന്നു. അത് അവന്റെ ഭാര്യയാകുന്നു, ഒരു ഭർത്താവ് തന്റെ യഥാർത്ഥമായ ഭാര്യ യോട് ചെയ്യുന്നതുപോലെ.

142 നാം ഏതു തരത്തിൽപ്പെട്ട വ്യക്തിയാണ്? നാം ക്രിസ്തുവിനോട് ഒരു വേശ്യാത്തനം കളിക്കുകയാണോ? നാം, ലോകത്തിനും, അതിലുള്ളതിനും പുറകെ പോയതിനു ശേഷം, ലോകപരമായ മനസ്സുമായി, നമുക്ക് ഉണ്ടായിരി ക്കേണ്ടുന്നതായ സമർപ്പണവും യഥാർത്ഥ സ്നേഹവും ഇല്ലാതെ, ചെറിയ എന്തിലെങ്കിലും ആശ്രയിക്കുകയാണോ? നിങ്ങൾക്ക് അത് ഊഹിക്കാൻ കഴി യുമോ? എന്റെ!

143 സഹോദരാ, നിങ്ങളുടെ ഭാര്യ, അവളുടെ ചെറിയ പാറി നടക്കുന്ന ചുളുക്കുകളുള്ള നീളം കുറഞ്ഞ അടിവസ്ത്രങ്ങളും, അത്തരത്തിലെ കെട്ടുക ളും, അവളുടെ മുടി മുകളിലേക്ക് പൊക്കിക്കെട്ടി പറത്തിയിട്ടുകൊണ്ട് അങ്ങ നെയെല്ലാമായിട്ട്, നിങ്ങളുടെ മേൽ കൈകളെ ചുറ്റിക്കൊണ്ട്, വന്നു നിങ്ങ ളുടെ മടിയിലിരുന്നിട്ട് നിങ്ങളോട് പറയും, "ഓ, ജോൺ, ഞാൻ അത്രക്കും സ്നേഹിക്കുന്നു" അങ്ങനെ നിങ്ങൾക്ക് ഊഹിക്കാമോ? (സഹോ.ബ്രൺഹാം അനേകം മുത്തമിടുന്ന ശബ്ദത്തെ ഉണ്ടാക്കുന്നു) "ഞാൻ നിങ്ങളെ സ്നേഹി ക്കുന്നു." ആ നിമിഷം തന്നെ, നിങ്ങൾ എന്തോ തകരാറുള്ളതായി നിങ്ങൾ അറിയും. അവൾ എത്ര മനോഹരിയായി കാണപ്പെട്ടാലും, അവൾ എത്രമാ ത്രം ഉറപ്പിച്ചിരുന്നാലും അവളിൽ നിങ്ങൾ വിശ്വാസം ഉണ്ടാവുകയില്ല. നിങ്ങൾക്ക് അവളിൽ ആ പരിപൂർണ്ണവിശ്വാസം ഇല്ലെങ്കിൽ, എന്തോ തകരാറു ണ്ട്. അത് ഒരു മനുഷ്യന് തന്റെ ഭാര്യക്കുവേണ്ടി അധികനാൾ തൃപ്തിപ്പെടു ത്തുകയില്ല.

144 ഇപ്പോൾ നിങ്ങൾ സ്വയം ഒന്നു ചിന്തിച്ചുനോക്കൂ, നിങ്ങൾ സ്വയം കബ ളിപ്പിച്ചുകൊണ്ടും ലോകത്തിന്റെ നൂലാമാലകളിലായിക്കൊണ്ട്, മുട്ടിന്മേൽ നിന്നിട്ട്, പറയുന്നു, "ഓ കർത്താവായ യേശുക്രിസ്തുവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്ന, അത് ജ്വലിച്ചുക്കൊണ്ടിരിക്കുന്ന, യൂദാസ് ഇസ്കരിയോത്താ വിന്റെ മുത്തമാകുന്നു." അത് ശരിയാണ്. ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചു നോക്കുക. ഇപ്പോൾ ഒരു ഉണർവ്വ് വരാൻ പോകുന്നു. കാണുന്നുണ്ടോ?

145 ഓ, നിങ്ങൾക്ക് ഒരു വിവാഹമോതിരം ഉണ്ടായെന്നിരിക്കാം, അത് ശരിയാണ്, എന്നാൽ നിങ്ങൾ ഒരു ഭാര്യയല്ല. ഓ, നിങ്ങൾ ഒരു സ്ത്രീയാണെ ന്നിരിക്കാം. നിങ്ങൾ വീട്ടിലെ മഹിളയാണെന്നിരിക്കാം, നിങ്ങൾ അങ്ങനെ പ്രവർത്തിക്കുന്നില്ലെങ്കിൽ നിങ്ങൾ ഒരു ഭാര്യയായിരിക്കുകയില്ല.

146 നിങ്ങൾക്കുള്ളിൽ നിങ്ങൾക്ക് കിട്ടിയിരിക്കുന്ന സകലത്തിലും നിങ്ങൾ അവനെ സ്നേഹിക്കുന്നില്ലെങ്കിൽ, നിങ്ങൾ ക്രിസ്തുവിന്റെ ഒരു യഥാർത്ഥ മായ കലർപ്പില്ലാത്ത ഉൽപ്പന്നമല്ല, നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയല്ല.

147 നിങ്ങൾ സൗന്ദര്യവതിയായി കാണപ്പെടുന്നുവോ, അല്ലെങ്കിൽ ഇല്ലയോ എന്നു ഞാൻ കാര്യമാക്കുന്നില്ല, നിങ്ങൾ അവനെ സ്നേഹിക്കുക യും നിങ്ങളെത്തന്നെ സ്പഷ്ടമാക്കുകയും ചെയ്യണം. അത് ക്രിസ്തുവും തന്റെ സഭയും; അതു നിങ്ങൾ രണ്ടുപേരും ഒന്നായിത്തീരുമ്പോഴാണ്. സഭാ സംഘടനകളിലൂടെയല്ല, സ്നാനത്തിലൂടെയല്ല, തോന്നലുകളിലൂടെയല്ല; അതിലല്ല ഒരു യഥാർത്ഥ സ്നേഹം, ദൈവത്തിന്റെ മാറിടത്തിൽ നിന്ന്, നിങ്ങൾ കൊണ്ടുവരണം,അവൻ മുറിവേൽക്കപ്പെട്ടപ്പോൾ അവിടെ അവൻ നിങ്ങളെ കൊണ്ടുവന്നു. നിങ്ങളുടെ സ്നേഹം, നിങ്ങളുടെ സത്യസന്ധത, നിങ്ങളുടെ വിശ്വസ്ഥത, നിങ്ങൾ എന്താണെന്ന് തെളിയിക്കുന്നു. ഞാൻ എന്താണ് അർത്ഥമാക്കുന്നത് എന്നു കാണുന്നുണ്ടോ? നിങ്ങൾ തന്നെത്താൻ അലങ്കരിക്കുന്നവരോ, അല്ലെങ്കിൽ നിങ്ങൾ . . .

148 എന്റെ ഭാര്യ അവളുടെ മുടി ഒരിക്കലും ചീകുന്നില്ലെങ്കിലും, നല്ല അഴ കുള്ള വസ്ത്രങ്ങൾ ധരിക്കുന്നില്ലെങ്കിലും അല്ലെങ്കിൽ ഒരിക്കലും . . . അവിടെ ഞാൻ അത് ശ്രദ്ധിക്കുന്നില്ല, അവൾ എന്റെ പ്രേമവതിയായിരിക്കും. അവ ളുടെ വിശ്വസ്ഥതയിൽ, അവളുടെ പരിശുദ്ധിയിൽ ഞാൻ അവളെ പ്രകീർത്തിക്കും. അവൾ എന്ത് ആയിരിക്കുന്നുവോ, അവൾ അത് ആയിരി ക്കുന്നു.

149 ഒരു പുരുഷനായാലും സ്ത്രീയായാലും, അതുകൊണ്ടാണ് നാം ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു ക്രിസ്ത്യാനിയായിരിക്കുന്നത്. നമുക്ക് കഴി യുന്നതിന്റെ പരമാവധി നാം ഒരു നല്ല പള്ളിയിൽ പോകുമെന്നോ, അല്ലെങ്കിൽ നാം ഏറ്റവും നല്ലത് ധരിക്കുമെന്നോ അല്ലെങ്കിൽ നാം ഏറ്റവും നല്ല അയൽവാ സിയോടു കൂടുമെന്നോ അല്ലെങ്കിൽ നമുക്ക് *അത്* ചെയ്യാമെന്നോ അല്ലെങ്കിൽ *ഇത്* ചെയ്യാമെന്നോ എന്നല്ല. അതും ഇതുമായി യാതൊന്നും ചെയ്യാനില്ല. അത് ക്രിസ്തുവിനെ സ്നേഹിക്കുന്നുവെന്നതിന് നമ്മുടെ പരിശുദ്ധിയും നമ്മുടെ വിശ്വസ്ഥതയുമാകുന്നു. അതാകുന്നു ജനനം. ആ കാര്യമാണ് വരു വാനിരിക്കുന്നത്.

150 "ഞാൻ ദൂതന്മാരുടേയും മനുഷ്യരുടേയും ഭാഷകളിൽ സംസാരി ച്ചാലും; ഞാൻ ഒന്നുമല്ല. ഞാൻ ദരിദ്രർക്ക് അന്നദാനം ചെയ്താലും; എന്റെ വസ്തുവകകളെ കൊടുത്താലും; ഞാൻ *അതു* ചെയ്താലും, *ഇതു* ചെയ്താ ലും, *അതു* ചെയ്താലും; ഞാൻ ഒന്നുമില്ല." ക്രിസ്തു എന്താണ് ശ്രദ്ധിക്കു ന്നത് നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും, നിങ്ങൾക്ക് എല്ലാവർക്കും അത്തര ത്തിൽ എങ്ങനെ ചെയ്യാൻ കഴിയുമെന്നും, അവിടെ ആ യഥാർത്ഥ കലർപ്പി ല്ലാത്ത സ്നേഹവും പരിശുദ്ധിയും ഇല്ലെങ്കിൽ? അതിനെക്കുറിച്ച് ചിന്തിക്കുക, നിങ്ങളിലതുണ്ടോ?

151 ഇത് വേദപാഠശാല ക്ലാസാകുന്നു, ഓർക്കുക, അത് നിങ്ങൾക്ക് ഒരു പാഠമാകുന്നു. നിങ്ങളുടെ ഹൃദയത്തിലിരിക്കട്ടെ, ക്രിസ്തുവിനെ പ്രഥമസ്ഥാനത്ത് വെക്കുക, ആ ശരിയായ സഹോദരി തന്റെ ഭർത്താവിന് കൊടുക്കുന്നതുപോലെ. ഇനി മുതൽ, മറ്റൊരു കൈ അവളെ തൊടരുത്. മറ്റൊരു മുത്തവുമില്ല, അത് കാഴ്ചക്ക് എത്ര വശീകരിക്കുന്നതായിക്കോട്ടെ, അവൾ തന്റെ തലയെ തിരിച്ച് താഴ്ത്തി. അവൾക്ക് ഒരു ജോഡി സ്നേഹമുണ്ട്, അത് അവളുടെ ഭർത്താവിനായിട്ടാണ്. അത് ശരിയാണ്. അവൻ കാഴ്ചക്ക് എത്ര സുമുഖനായി കാണപ്പെട്ടിരുന്നാലും, അവന്റെ തലമുടി എത്രമാത്രം അഴകുള്ളതായി തോന്നിയാലും, അവൻ തന്നെത്താൻ എത്ര ശരിയായി പിടിച്ചിരുന്നാലും കാര്യമില്ല. ഇല്ല, സാർ ഒരു കാര്യവുമില്ല. അവൾ ആ ഭർത്താവിനെ സ്നേഹിക്കും, അവനെ മാത്രമേ അവൾ സ്നേഹിക്കുകയുള്ളു. അവൾ തന്റെ പരിശുദ്ധിയും അവളുടെ എല്ലാ മുത്തങ്ങളും മറന്നുകളയുന്നു, അത് തന്റെ ഭർത്താവിന് വേണ്ടി മാത്രം, അവന് വേണ്ടി മാത്രം. ഞാൻ എന്താണ് അർത്ഥമാക്കുന്നത് എന്നു കാണുന്നുണ്ടോ?

152. അവൾ ലോകത്തിന്റെ എല്ലാം മറന്നുകളയുന്നു, അത് എത്ര ഭംഗിയായി കാണപ്പെടുന്നു, അത് എത്ര മനോഹരമായിരിക്കുന്നു, അത് എത്ര മാത്രം ആകർഷകമായിരിക്കുന്നു എന്നു കാര്യമല്ല. നിങ്ങളുടെ പരിശുദ്ധി, നിങ്ങൾ എന്താണെന്ന് കണക്കാക്കുന്നു.

153 അപ്പോൾ നിങ്ങൾ പറയും, "ഓ, ഹല്ലേലൂയാ! ഞാൻ–എനിക്ക് അത് കിട്ടി, എന്തെന്നാൽ ഞാൻ *ഇതു* ചെയ്തു. ഹല്ലേലൂയാ! ബസ്സാ (buzz saw) കളിക്കാനായി ആവശ്യമുള്ള അരിശമുണ്ട്.

ഞാൻ നിങ്ങളോട് പറയട്ടെ, സഹോദരാ, അത് പരിശുദ്ധി അതാണ് ക്രിസ്തു ബഹുമാനിക്കുന്നത്.

154 "ഞാൻ ദൂതന്മാരുടേയും മനുഷ്യരുടേയും ഭാഷകളിൽ സംസാരിച്ചാലും; എന്റെ രണ്ടു കൈകളിലൂടേയും രക്തം ഒഴുക്കിയാലും; ഞാൻ ആർത്തുവിളിച്ചാലും ആത്മാവിൽ നൃത്തം ചെയ്താലും; ഞാൻ ദൈവവചനത്തെ ഭക്ഷിച്ചാലും അതിനെ ഇഷ്ടപ്പെട്ടാലും; മറ്റുള്ളവർ കുടിച്ചതുപോലെ ആ ആത്മീയ പാറയിൽ നിന്ന് കുടിച്ചാലും; എന്റെ കൈകൾ, മറ്റുള്ളവർ ചെയ്യുന്നതുപോലെ കഴിയുന്നതിലും ഉച്ചത്തിൽ കൂട്ടിയടിച്ചാലും." (സഹോ. ബ്രൺഹാം തന്റെ കൈ രണ്ടു പ്രാവശ്യം അടിക്കുന്നു) "എനിക്ക് മുതലക്കണ്ണീർ പൊഴിക്കാൻ കഴിഞ്ഞാലും: എനിക്ക് *ഇത്* എല്ലാം ചെയ്യാൻ കഴിഞ്ഞാലും! എന്നാൽ ആ യഥാർത്ഥമായ, ശരിയായ, ക്രിസ്ത്യാനിത്വത്തിന്റെ പരിശുദ്ധി ക്രിസ്തുവിലേക്ക് ഇല്ലെന്നു വരുകിൽ, നിങ്ങൾ ഒരു മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ അത്രേ." പൗലൊസ് ഈ സഭക്ക്, സകല ഭാവനാപരമായ കാര്യങ്ങളാലും കൂട്ടിക്കുഴക്കപ്പെട്ടിരുന്ന കൊരിന്ത്യ സഭയ്ക്ക്, മുന്നറിയിപ്പ് നൽകുകയായിരുന്നു.

155 ഞാൻ നിങ്ങൾക്ക് മുന്നറിയിക്കുന്നു സഹോദരന്മാരെ. ന്യായവിധി നാളിൽ അവിടെ എനിക്ക് നിങ്ങൾക്കായി ഉത്തരം നൽകേണ്ടിവരും, നിങ്ങളുടെ രക്തം എന്റെമേൽ ആയിരിക്കുകയില്ല. നിങ്ങൾ എത്ര മറ്റു ഏതിലേക്കെങ്കിലും എത്ര കൂറുള്ളവരായിരുന്നാലും, ക്രിസ്തുവിലേക്ക് കൂറുള്ളവരായിരിക്കുക. നാം പ്രാർത്ഥിക്കുമ്പോൾ അത് ഓർക്കുക.

156 അനുഗ്രഹീതനായി സ്വർഗ്ഗീയ പിതാവേ, ഈ നടന്നുകൊണ്ടിരിക്കുന്ന നിലയിൽ, ഞങ്ങളുടെ എല്ലാം തെറ്റുകളേയും ഏറ്റുപറഞ്ഞുകൊണ്ട് വരുന്നു. ഓ, അങ്ങ് ദയാവാനല്ലോ, ദയാവാനായ ദൈവമേ. അങ്ങ് ഞങ്ങളുടെ ഹൃദയത്തിലേക്ക് നോക്കുവാനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾ കാത്തുകൊണ്ടിരിക്കുന്നതായ ഈ സമയത്ത്, ഞങ്ങളുടെ തലകളെ പൊടിയിലേക്ക് താഴ്ത്തിയിരിക്കുന്ന ഈ സമയത്ത്, വൃദ്ധരായ മനുഷ്യന്റെ ഹൃദയത്തേയും, പ്രായമേറിയ വൃദ്ധകളുടേയും, മദ്ധ്യവയസ്കരുടേയും, യൗവ്വനക്കാരുടേയും കുഞ്ഞുങ്ങളുടെ ഹൃദയത്തിൽപ്പോലും നോക്കേണമെ. ഞങ്ങളെത്തന്നെ സ്വയം പരിശോധിക്കാൻ സഹായിക്കേണമെ.

157 ഞങ്ങൾ ദുഃഖവെള്ളിയാഴ്ചയും, ഉയർപ്പിന്റെ ഉത്സവമായ ഈസ്റ്ററും വരാനിരിക്കുന്ന വിശുദ്ധ ആഴ്ചയിലേക്ക് വരികയാണ്. ഈ വർഷത്തിലുടനീളം ഞങ്ങൾ സഭയോട് കൂറുള്ളവരായിരുന്നു എന്നിരിക്കിലും, ഞങ്ങൾ തിരുവത്താഴം എടുത്തെന്നിരിക്കിലും, ഞങ്ങൾ ആർത്തുവിളിച്ചു എന്നിരിക്കിലും, ഞങ്ങൾ അനേക കാര്യങ്ങൾ ചെയ്തു എന്നിരിക്കിലും, എന്നാൽ, ഓ, ദൈവമേ, എന്റെ ഹൃദയത്തിലേക്ക് നോക്കേണമെ. ഞാൻ എനിക്കായി മാത്രം സംസാരിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് നോക്കുകയും ഈ രാവിലെ സമയം ഇവിടെ ആയിരിക്കുന്ന ഈ ജനങ്ങളുടെ ഹൃദയത്തെ നോക്കേണമെ. ഞങ്ങളെ പരിശോധിക്കേണമെ, കർത്താവേ. ക്രിസ്തുവിന് പകരമായി എന്തെങ്കിലും ആ സ്ഥാനത്തെ എടുക്കുന്നുവെങ്കിൽ, ഒ ദൈവമേ, അതിനെ ദൂരം ചെയ്യേണമെ. അത് അലസതയാണെങ്കിൽ, അപര്യാപ്തത മാത്രമാണെങ്കിൽ, അത് എന്തുതന്നെ ആയിക്കൊള്ളട്ടെ, എനിക്കറിയില്ല. എന്നാൽ ദൈവമേ, അത് ഞങ്ങളിൽ നിന്ന് നീക്കേണമെ. യുദ്ധത്തിന്റെ സമയത്ത് ഞങ്ങൾ പുറത്തെറിയപ്പെടാൻ ആശിക്കുന്നില്ല, അവന് ഒരു ശത്രുവായിരുന്നതിനാൽ ദൈവത്താൽ പുറത്തെറിയപ്പെടാൻ ആശിക്കുന്നില്ല.

158 ഓ ദൈവമേ, ഞങ്ങളുടെ ഹൃദയത്തിലേക്ക് നോക്കേണമെ. അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ പരിശോധിക്കേണമെ, ഈ രാവിലെ സമയം ഞങ്ങളിൽ എന്തെങ്കിലും മോശമായ കാര്യങ്ങളുണ്ടോ എന്നു ഞങ്ങൾ കാണട്ടെ. അവിടെ ഉണ്ടെങ്കിൽ, എടുത്തു നീക്കേണമെ, പിതാവേ. ഞങ്ങൾ ഇപ്പോൾ അത് അൾത്താരയിൽ ഇടുന്നു, അതിനെ അവിടെ ഇട്ടിട്ട്, നടന്നകലുന്നു. അത് അലസതയാണെങ്കിൽ, ക്ഷമയില്ലായ്മയാണെങ്കിൽ, അത് വ്യത്യാസങ്ങളാണെങ്കിൽ, അത് ഉപേക്ഷയായി കണക്കാക്കുന്നതാണെങ്കിൽ, അത് എന്തെങ്കിലുമായിക്കൊള്ളട്ടെ, അത് വെറുപ്പാണെങ്കിൽ, അത് അശുദ്ധിയാണെങ്കിൽ, അത് വൈരാഗ്യമാണെങ്കിൽ, അത് എന്തെങ്കിലുമായിക്കൊള്ളട്ടെ, ഓ ദൈവമേ, ഇന്ന്, അത് ഞങ്ങളിൽ നിന്ന് ദൂരം ചെയ്യേണമെ.

159 ഈ വരുന്ന ഉണർവ്വിൽ, അങ്ങയുടെ ആകർഷണത്തിലേക്ക് ഞങ്ങൾ പൂർണ്ണരായി നിറക്കേണമെ, ഇവിടെ ഈ ചെറിയ കൂട്ടത്തിൽ, അനേകർ കടന്നു വന്നു രക്ഷിക്കപ്പെടുന്നതുവരെ, ഞങ്ങൾ അതിനായി വളരെ പ്രയാസ പ്പെടുന്നു കർത്താവേ. ഞാൻ നടത്തിയിട്ടുള്ള, പത്തുവർഷത്തിനു ശേഷമു ള്ള ആദ്യത്തെ ഉണർവ്വ്. ഇപ്പോൾ, അങ്ങ് ഞങ്ങൾക്ക് ആ യഥാർത്ഥമായ, യഥാർത്ഥമായ ആത്മാവിനെ ഞങ്ങളുടെ ഹൃദയത്തിൽ നൽകേണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

160 അത് അവിടെ നിത്യതയിലേക്ക് നങ്കൂരമിടട്ടെ. നൽകേണമെ, കർത്താവേ. ഞങ്ങളെത്തന്നെ പരിശോധന നടത്തിക്കേണമെ, ഞങ്ങൾ വിവാഹിതരായ ജനങ്ങൾ, എങ്ങനെയാണ് ഞങ്ങളുടെ ഭാര്യമാരെ നോ ക്കുന്നത്, ഞങ്ങൾ എത്ര സത്യസന്ധരാണ്, അല്ലെങ്കിൽ ഞങ്ങളുടെ ഭാര്യമാർ ഞങ്ങളോട് എത്ര വിശ്വസ്ഥരാകുന്നു. ഈ രാവിലെ നേരം ഞങ്ങളുടെ ഹൃദ യത്തിൽ അത് എടുക്കട്ടെ, അത്തരത്തിൽ ഒരു കാര്യം ഞങ്ങളുടെ വീട്ടിൽ സംഭവിച്ചാൽ ഞങ്ങൾ അതിനെ എങ്ങനെയാണ് എടുക്കുന്നത്. എന്നാൽ ഞങ്ങളുടെ അനുരാഗം അങ്ങിലേക്ക് ആക്കിയിട്ട് ഞങ്ങൾ പറയും, ഓ, ദൈവ മേ, എന്നോട് കരുണയുണ്ടാകേണമെ.

161 ഓ, വല്ലപ്പോഴും, മാസത്തിലൊരിക്കൽ ഭാര്യ വന്ന് കൈകൾ നിങ്ങ ളുടെ മേൽ ചുറ്റിക്കൊണ്ട്, ഇങ്ങനെ പറയും, "പ്രീയപ്പെട്ടവനേ, ഞാൻ നിന്നെ സ്നേഹിക്കുന്നു," എന്നു പറഞ്ഞിട്ട് കടന്നുപോയാൽ, അത് എങ്ങനെ എന്നെ നിരസിക്കുന്നുവെന്നു എനിക്ക് കാണപ്പെടുന്നു, എപ്രകാരം അതിൽ എന്തോ തെറ്റുള്ളതായി കാണുന്നു. ദൈവമേ, ഞങ്ങൾ പള്ളിയിൽ മാസത്തിൽ ഒരി ക്കൽ വരികയും, അല്ലെങ്കിൽ ഒരിക്കൽ നാം പള്ളിയിൽ പോയിട്ട്, നാം ഒരു ചെറിയ പ്രാർത്ഥന നടത്തുന്നു. ഓ, അങ്ങ് ഞങ്ങളുടെ സ്നേഹം ആഗ്രഹി ക്കുന്നു, ഞങ്ങളുടെ–ഞങ്ങളുടെ–ഞങ്ങളുടെ തിരുവത്താഴം, എല്ലാ സമയ ത്തും, ഞങ്ങളുടെ ചിന്തകളും ഞങ്ങളുടെ ഹൃദയത്തിന്റെ ചിന്തകളുടെ ഉദ്ദേ ശ്യങ്ങളും അങ്ങിൽ സ്ഥിതിചെയ്യട്ടെ. ഇത് നൽകേണമെ, കർത്താവേ.

162 ലോകത്തിന്റെ കാര്യങ്ങൾ വ്യത്യസ്ഥവും അന്ധതയും പിടിപ്പിക്കു മ്പോൾ, ഞങ്ങളുടെ ഹൃദയത്തെ അങ്ങിൽ സൂക്ഷിക്കേണമെ. ഇത് നൽകേ ണമെ, കർത്താവേ. ഇപ്പോൾ ഞങ്ങളെ കേൾക്കേണമെ, ഈ കൂടിവരവിന്റെ അടുത്ത ഭാഗത്തിനായി അനുഗ്രഹിക്കേണമെ. ഞങ്ങൾ ക്രിസ്തുവിന്റെ നാമ ത്തിൽ ചോദിക്കുന്നു. ആമേൻ.

163 ഇപ്പോൾ, കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ, വളരെ നന്നായിരി ക്കുന്നു. ഞായറാഴ്ച വേദപാഠശാല ക്ലാസ് അവിടെ പിരിച്ചുവിടപ്പെട്ടതിനു ശേഷം അല്പം കൂടെ സമയം എടുത്തു ഞാൻ. . . എടുത്തു ക്ഷമിക്കണം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ ഈ കാര്യങ്ങൾ പറഞ്ഞത്; ഇത് ദൈവ വചനത്തിന് വെളിയിൽ നിന്നാണ്. അവർ നമുക്ക് ഉദാഹരണങ്ങളായിരുന്നു. അവർ ഉദാഹരണങ്ങളായിരുന്നു. ഇപ്പോൾ, നോക്കൂ, സുഹൃത്തേ.

164 നിങ്ങളെ ചുംബിക്കുന്ന നിങ്ങളുടെ ഭാര്യ ഒരു ഒറ്റുകാരിയാണ് എന്നു അറിയുമ്പോൾ നിങ്ങൾക്ക് അത് എങ്ങനെ അനുഭവപ്പെടും? ഇതിനെക്കുറിച്ച് ചിന്തിക്കു. അല്പ സമയം അതിനെക്കുറിച്ച് ചിന്തിക്കുക. നിങ്ങൾ എന്തു ചിന്തിക്കുന്നു?

165 ഇപ്പോൾ നിങ്ങൾ ദൈവത്തിലേക്ക് വന്നിരിക്കുന്നു, ഒരു ഒറ്റുകാരനായിട്ടോ? അത് ചെയ്യരുത്. നമുക്ക് യഥാർത്ഥമായിരിക്കാം. നിങ്ങൾ തോന്നലുകൾ എടുക്കേണ്ട കാര്യമില്ല. ആകാശം മുഴുവും ദൈവത്തിന്റെ യാഥാർത്ഥമായ കലർപ്പില്ലാത്ത സ്നേഹത്താൽ നിറഞ്ഞിരിക്കുമ്പോൾ, നിങ്ങൾ ഏതെങ്കിലും വ്യത്യാസപ്പെട്ട കാര്യത്തെ എടുക്കണം. നമുക്ക് യഥാർത്ഥമായതിനെ കിട്ടുമ്പോൾ അതിനു പകരമായി നാം മറ്റ് എന്തിനെ എങ്കിലും എന്തിന് എടുക്കണം? അത് നിങ്ങൾക്കുവേണ്ടിയുള്ളതാണ്. ഞാൻ ഈ കൂട്ടായ്മയെ പാസ്റ്ററിന് ഏൽപ്പിക്കുമ്പോൾ, ഇപ്പോൾ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

166 ഈ ആഴ്ച നിങ്ങൾ മറന്നുപോകരുത്, ഇപ്പോൾ, ഈ ജനവിഭാഗത്തിനും, ഈ പട്ടണത്തിനും ചുറ്റുമായിട്ടുള്ളവർക്കും വേണ്ടിയാണ് ഈ ഉണർവ്വു യോഗങ്ങൾ. നിങ്ങളുടെ ഫോൺ എടുത്ത്, മറ്റ് ആരെയെങ്കിലും വിളിച്ച്, അവരെ പുറത്തുവരാനായി പറയുക. നമുക്ക് എല്ലാവർക്കും അൾത്താരയിൽ നിന്നുള്ള വിളി ഉണ്ടായിരുന്നു, ഈ ആഴ്ചയിൽ, ദൈവത്തിൽ നിന്ന്, ഒരു നല്ല സമയത്തെ പ്രതീക്ഷിക്കുന്നു.

167 വരുന്ന ആഴ്ചയിലെ ബുധനാഴ്ച രാത്രിയിൽ ഞാൻ നിങ്ങളെ കാണുന്നതുവരെ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ.

# കൊരിന്ത്യർ, തിരുത്തലിന്റെ പുസ്തകം

CORINTHIANS, BOOK OF CORRECTION

Vol.28. No. 11

അമേരിക്കയിലുള്ള ജെഫെർസൺവില്ലയിലെ, ബ്രൺഹാം കൂടാരത്തിൽ വെച്ച് 1957–ാമാണ്ട് ഏപ്രിൽ മാസം 14–ാം തീയതി, സഹോദരൻ വില്യം മാരിയൺ ബ്രൺഹാം ചെയ്ത പ്രസംഗം, ടേപ്പ് ക്രമ സംഖ്യ 57–0414. കാന്തശക്തിയുള്ള ടേപ്പുകളിൽ നിന്നും പുസ്തക രൂപത്തിലേക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ, കൃത്യമായി ഇംഗ്ലീഷിൽ പകർത്തിയതിനെ, മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനുവേണ്ടി എല്ലാവിധ പ്രയത്നങ്ങളും ചെയ്ത് വോയിസ് ഓഫ് ഗോഡ് റെക്കാർഡിംഗ്സിൽ നിന്നും സൗജന്യമായി വിതരണം ചെയ്യുന്നു.

Voice of God Recordings

P.O. Box 950, Jeffersonville

Indiana, USA - 47131

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:



Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org